©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി X
## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്
(2022 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2022)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2022 ജൂലൈ 18-ാം തീയതി സമർപ്പിച്ചത്**
**(Presented on 18th July, 2022)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്
(2022 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2022)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct
of Business in the Kerala Legislative Assembly]

925/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 16 |

സബ്ജക്ട് കമ്മിറ്റി X

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(2021-2023)

**ഘടന**

<u>ചെയർമാൻ</u>:

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം വന്യജീവി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫിഷ്യോ അംഗം:</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്
പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ്. സുപാൽ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. റെജി ബി., അഡീഷണൽ സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021-2023 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി X, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 21-6-2021, 28-6-2021, 5-7-2021, 15-3-2022 എന്നീ തീയതികളിലായി സമിതി 4 യോഗങ്ങൾ ചേരുകയുണ്ടായി. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 77.5% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും, ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**എ. കെ. ശശീന്ദ്രൻ,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2022 ജൂലൈ 12.

# റിപ്പോർട്ട്

<u>അദ്ധ്യായം I</u>

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 5-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2021 ജൂലൈ 5-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2021 ജൂലൈ 5-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

<u>അദ്ധ്യായം II</u>

## സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല.

<u>അദ്ധ്യായം III</u>

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

1. കേരള ഫോറസ്റ്റ് (റഗുലേഷൻ ഓഫ് സാമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ്, 2021-ന്മേലുള്ള എസ്.ആർ.ഒ.നം. 162/2021, 15-3-2022-ലെ സമിതിയോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

(ഫ.നം. 8013/സബ്.സി.എഫ്1/2021/നി.സെ.)

2. കേരള ഫോറസ്റ്റ് (റഗുലേഷൻ ഓഫ് സാമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ്, 2021 ന്മേലുള്ള 403/2021, 404/2021 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ 15-3-2022-ലെ സമിതിയോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

(ഫ.നം. 17778/സബ്.സി.എഫ്1/2021/ നി.സെ.)

3. കൊല്ലം ജില്ലയിലെ ആശ്രാമം പ്രദേശം (ആശ്രാമം മൈതാനം ഒഴിവാക്കിക്കൊണ്ട്) ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള 399/19-ാം നമ്പർ എസ്.ആർ.ഒ. 11-11-2020-ലെ സമിതിയോഗം പരിഗണിക്കുകയും അധിക വിവരങ്ങൾ ആരായുകയും തുടർന്ന് ലഭ്യമായ അധിക വിവരങ്ങൾ 15-3-2022-ലെ യോഗം പരിഗണിക്കുകയും എസ്.ആർ.ഒ.-യ്ക്ക് സാധൂകരണം നൽകുകയും ചെയ്തു.

(ഫ.നം. 1493/ സബ്.സി.എഫ്1/2020/ നി.സെ.)

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

ഈ കാലയളവിൽ 235 (എ) പ്രകാരം യോഗങ്ങൾ ചേർന്നിട്ടില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2020-21 | XXXIV—വനം | വനം വന്യജീവി വകുപ്പ് | 12-8-2021 |
| 2020-2021 | XLII—വിനോദസഞ്ചാരം | വിനോദസഞ്ചാര വകുപ്പ് | 12-8-2021 |
| 2020-2021 [കാലതാമസ പത്രിക സഹിതം] | XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം<br>XX—ശുദ്ധജല വിതരണവും ശുചീകരണവും | പരിസ്ഥിതി വകുപ്പ് | 16-3-2022 |

## അദ്ധ്യായം VI

## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം

2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ആകെ 41 ശിപാർശകളിൽ, 1 മുതൽ 19 വരെയുള്ള ശിപാർശകൾക്ക് വനം വന്യജീവി വകുപ്പും, 20,21 ശിപാർശകൾക്ക് പരിസ്ഥിതി വകുപ്പും 22 മുതൽ 41 വരെയുള്ള ശിപാർശകൾക്ക് വിനോദസഞ്ചാര വകുപ്പുമാണ് നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടത്. എന്നാൽ ഒരു ശിപാർശയ്ക്കും മറുപടി ലഭിച്ചിട്ടില്ല.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

"വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം" എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ടിൽ ആകെ 25 ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകൾ വനം-വന്യജീവി വകുപ്പുമായും, വിനോദ സഞ്ചാര വകുപ്പുമായും ബന്ധപ്പെട്ടതാണ്. ഇതിൽ ഖണ്ഡിക നം. 24,26 എന്നിവയിന്മേൽ വിനോദസഞ്ചാര വകുപ്പ് ലഭ്യമാക്കിയ മറുപടിയും ഖണ്ഡിക നം. 22 മുതൽ 31 വരെയും 33 മുതൽ 47 വരെയുമുള്ള ശിപാർശകൾക്ക് വനം വന്യജീവി വകുപ്പ് ലഭ്യമാക്കിയ മറുപടിയും 15-3-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഖണ്ഡിക നം. 47-ലെ ശിപാർശയ്ക്ക് ഇടക്കാല മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ പ്രസ്തുത ശിപാർശകളിന്മേലുള്ള വിശദമായ റിപ്പോർട്ട് (ആക്ഷൻ പ്ലാൻ) വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

### വിനോദസഞ്ചാര വകുപ്പ്

**ശിപാർശ**

ആദ്യമായി പവർ ജനറേഷൻ ആരംഭിച്ച 'ഏലംപീഠിക' വളരെ നല്ല രീതിയിൽ സാമ്പത്തികലാഭം നേടുന്ന ഇ.ഡി.സി. മേഖലയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ വർഷവും കോടിക്കണക്കിനു രൂപയുടെ വരുമാനം ലഭിക്കുന്ന അതിരപ്പിള്ളി, വാഴച്ചാൽ തുടങ്ങിയ മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്ക് യാതൊരു പങ്കാളിത്തവുമില്ലെന്നും ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ചകളോ തുടർ നടപടികളോ അവിടെ നടക്കുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. ഇത്തരം മേഖലകളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ

ജനപ്രതിനിധികൾക്ക് അവസരം ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ, പ്രാധാന്യവും വരുമാനവും അനുസരിച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് ഗ്രേഡിംഗ് നൽകണമെന്നും വരുമാനം ഏറ്റവും കൂടുതലുള്ള വി.എസ്.എസ്./ഇ.ഡി.സി.-കൾ ഉൾപ്പെടുന്ന ഗ്രേഡ്-I-ൽ അഡീഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ.-യെ എക്സ്-ഒഫിഷ്യോ അംഗമായും ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, ആ പ്രദേശത്തെ വാർഡ് മെമ്പർമാർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തണമെന്നും ഗ്രേഡിംഗിൽ ഉൾപ്പെടുത്താത്ത ഡെസ്റ്റിനേഷനുകളിൽ നടക്കുന്ന പ്രവർത്തികളെക്കുറിച്ച് അറിയുവാൻ എം.എൽ.എ.-മാർക്ക് താൽപര്യമുണ്ടെങ്കിൽ യോഗങ്ങളിൽ അവരെക്കൂടി പങ്കെടുപ്പിക്കുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ യോഗം വിളിച്ചുകൂട്ടുന്നതിനുമുള്ള നിർദ്ദേശം നൽകുന്നതിനുമുള്ള സ്വാതന്ത്ര്യം എം.എൽ.എ.-മാർക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 24)

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ ഇക്കോടൂറിസം പദ്ധതികളെല്ലാം വന മേഖലകളിലും ജലവൈദ്യുത പദ്ധതികളുടെ വൃഷ്ടിപ്രദേശത്തിനു സമീപമായുമാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ടുതന്നെ തെന്മല ഒഴികെയുള്ള ഇക്കോടൂറിസം പദ്ധതികളെല്ലാം വനം വകുപ്പിന്റെ നിയന്ത്രണത്തിലുമാണ്. ഈ സാഹചര്യത്തിൽ ഇക്കോടൂറിസം ഡെസ്റ്റിനേഷനുകൾക്കു ഗ്രേഡിംഗ് നൽകാനായി ഏറ്റവുമധികം വരുമാനമുള്ള വി.എസ്.എസ്./ഇ.ഡി.സി.-കൾ ഉൾപ്പെടുന്ന ഗ്രേഡ്-I വിഭാഗത്തിൽ അഡീഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപികരിക്കാനും പ്രസ്തുത സമിതിയിൽ സ്ഥലം എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗങ്ങൾ തുടങ്ങിയ ജനപ്രതിനിധികളെ ഉൾപ്പെടുത്താനും തീരുമാനം സ്വീകരിക്കേണ്ടത് വനം വകുപ്പാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

**ശിപാർശ**

ഇക്കോടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിലെ വി.എസ്.എസ്./ ഇ.ഡി.സി.-കൾക്കു മാത്രമാണു നല്ല വരുമാനം ലഭിക്കുന്നതെന്നും പൊന്മുടി, പാലരുവി, കോന്നി, ആനക്കൂട്, പെരിയാർ, രാജമല, അതിരപ്പിള്ളി, സൂചിപ്പാറ (സൗത്ത് വയനാട്), പാക്കം-കുറവ (സൗത്ത് വയനാട്) എന്നിവയാണ് നിലവിൽ ഒരു കോടി രൂപയ്ക്ക് മുകളിൽ വരുമാനം നേടുന്ന വി.എസ്.എസ്./ഇ.ഡി.സി.-കളെന്നും സമിതി മനസ്സിലാക്കുന്നു. പൊതുജനങ്ങളിൽ നിന്നും സന്ദർശന ഫീസായും പാർക്കിംഗ് ഫീസായും പണം സ്വരൂപിക്കുന്ന ഇത്തരം മേഖലകളിൽ പല സ്ഥലങ്ങളിലും വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾപോലും ഉറപ്പാക്കുന്നില്ലെന്നുള്ള വസ്തുത സമിതി ചൂണ്ടിക്കാട്ടുന്നു.

ആയതിനാൽ, വിനോദസഞ്ചാരികളിൽ നിന്നും ഫീസ് ഈടാക്കുന്ന ഇക്കോടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം അടിയന്തരമായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിനോദസഞ്ചാരികളുടെ പരാതികൾ/നിർദ്ദേശങ്ങൾ ഓൺലൈനായി സ്വീകരിച്ച് പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 26)

**സ്വീകരിച്ച നടപടി**

വനം വകുപ്പിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങളിൽ ആവശ്യമായ വികസനത്തിനു നടപടി സ്വീകരിക്കുന്നതാണ്.

ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ പരാതികൾ/നിർദ്ദേശങ്ങൾ അതതു ഡെസ്റ്റിനേഷനുകളിലും വനം വകുപ്പ് ആസ്ഥാനത്തും ഓൺലൈൻ വ്യവസ്ഥയിൽ സ്വീകരിക്കാൻ നടപടിയെടുക്കുന്നത് ഉചിതമായിരിക്കുമെന്ന വിവരവും ഇതിനാൽ അറിയിക്കുന്നു.

## വനം വന്യജീവി (ഇ) വകുപ്പ്

**ശിപാർശ**

വി.എസ്.എസ്/ഇ.ഡി.സി.-കളിൽ പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റിനെ അംഗമാക്കണമെന്നും വി.എസ്.എസ്/ഇ.ഡി.സി-യുടെ ഏതെങ്കിലും ഒരു യോഗത്തിൽ പങ്കെടുക്കണമെന്ന് സ്ഥലം എം.എൽ.എ.-മാർ ആവശ്യപ്പെട്ടാൽ അതിനുള്ള അവസരവും ജനകീയ സമിതികളുടെ യോഗം വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശം നല്കുന്നതിനുള്ള സ്വാതന്ത്ര്യവും ജനപ്രതിനിധികൾക്കുണ്ടാകണമെന്നും അതോടൊപ്പം യോഗത്തെ സംബന്ധിച്ചുള്ള വിശദവിവരം അതാത് പ്രദേശത്തെ എം.എൽ.എ.-മാരെ മുൻകൂട്ടി അറിയിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 22)

**സ്വീകരിച്ച നടപടി**

വനത്തിനുള്ളിൽ നിശ്ചയിക്കപ്പെടുന്ന സ്ഥലവും വനത്തിന് പുറത്ത് പഞ്ചായത്ത് വാർഡിന്റെ അതിർത്തിയോ രണ്ട് കി.മീറ്ററോ ഏതാണ് കുറവെന്ന് വച്ചാൽ അതായിരിക്കും ഒരു വി.എസ്.എസ്.-ന്റെ പദ്ധതി പ്രദേശം. വി.എസ്.എസ്/ഇ.ഡി.സി. എന്നിവ വളരെ ചെറിയ പ്രദേശം ഉൾക്കൊള്ളുന്നതായതിനാലും വനമേഖലയോട് ചേർന്നുള്ള പഞ്ചായത്തിൽ ഇത്തരത്തിൽ ഒന്നിലധികം വി.എസ്.എസ്./ഇ.ഡി.സി. എന്നിവ

പ്രവർത്തിക്കുന്നതിനാലും പ്രസ്തുത സമിതികളിൽ പഞ്ചായത്ത് പ്രസിഡന്റിനെ അംഗമാക്കുന്നത് അപ്രയോഗികമാണെന്ന് കാണുന്നു. എന്നാൽ വി.എസ്.എസ്./ ഇ.ഡി.സി.-കളുടെ യോഗത്തിൽ ആവശ്യമനുസരിച്ച് പ്രത്യേക ക്ഷണിതാവായി പഞ്ചായത്ത് പ്രസിഡന്റ്/ നിയമസഭ സാമാജികൻ എന്നിവരെക്കൂടി പങ്കെടുപ്പിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്ത് വാർഡ് അംഗം നിലവിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗവുമാണ്.

**ശിപാർശ**

ഒരു ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള വനവികസന ഏജൻസി (ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസി)കളിൽ പ്രസ്തുത ഫോറസ്റ്റ് ഡിവിഷനിൽ ഉൾപ്പെട്ട എല്ലാ എം.എൽ.എ.-മാരെയും എക്സ്-ഒഫിഷ്യോ അംഗങ്ങളായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 23)

**സ്വീകരിച്ച നടപടി**

വനവികസന ഏജൻസികളുടെ പരിധിയിൽ വരുന്ന എല്ലാ എം.എൽ.എ.-മാരെയും ആവശ്യാനുസരണം പ്രത്യേക ക്ഷണിതാക്കളായി ബന്ധപ്പെട്ട വനവികസന ഏജൻസിയ്ക്ക് പങ്കെടുപ്പിക്കാവുന്നതാണ്.

**ശിപാർശ**

പ്രാധാന്യവും വരുമാനവും അനുസരിച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് ഗ്രേഡിംഗ് നല്കണമെന്നും വരുമാനം ഏറ്റവും കൂടുതൽ ഉള്ള വി.എസ്.എസ്/ ഇ.ഡി.സി.-കൾ ഉൾപ്പെടുന്ന ഗ്രേഡ്-1-ൽ അഡീഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ-യെ എക്സ്-ഒഫീഷ്യോ അംഗമായും ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, ആ പ്രദേശത്തെ വാർഡ് മെമ്പർമാർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും, ഗ്രേഡിംഗിൽ ഉൾപ്പെടുത്താത്ത ഡെസ്റ്റിനേഷനുകളിൽ നടക്കുന്ന പ്രവർത്തികളെ കുറിച്ച് അറിയുവാൻ എം.എൽ.എ.-മാർക്ക് താത്പര്യം ഉണ്ടെങ്കിൽ യോഗങ്ങളിൽ അവരെക്കൂടി പങ്കെടുപ്പിക്കുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനുള്ള സ്വാതന്ത്ര്യം എം.എൽ.എ.-മാർക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 24)

## സ്വീകരിച്ച നടപടി

വനപ്രദേശങ്ങളിൽ വി.എസ്.എസ്./ഇ.ഡി.സി.-കൾ നടത്തുന്നത് ഇക്കോടൂറിസമാണ്. ഇവിടെയുള്ള വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹാർദ്ദമായിരിക്കേണ്ടതുണ്ട്. കൂടാതെ, വാഹകശേഷിയിൽ പരിമിതപ്പെടുത്തി മാത്രമെ ഇക്കോടൂറിസം അനുവദിക്കാനാവൂ. എന്നിരുന്നാലും ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് വാഹകശേഷിയുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വി.എസ്.എസ്/ ഇ.ഡി.സി. എന്നിവ വളരെ ചെറിയ മേഖലയെ പ്രതിനിധീകരിക്കുന്ന ഏറ്റവും താഴെ തട്ടിലുള്ള സമിതിയാണ്. അതിനാൽ ഇവയിൽ എം.എൽ.എ., ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല. എന്നാൽ വാർഡ് അംഗങ്ങൾ നിലവിൽ വി.എസ്.എസ്./ഇ.ഡി.സി. എന്നിവയുടെ എക്സിക്യൂട്ടീവ് അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ഈ വിഷയത്തിൽ താത്പര്യമുള്ള എം.എൽ.എ.-മാർ എഫ്.ഡി.എ.-യുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് തടസ്സമില്ല. വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളെല്ലാം ചേർന്ന് ആറ് മാസത്തിൽ ഒരിക്കൽ നടത്തുന്ന പൊതുയോഗത്തിൽ തെരഞ്ഞെടുക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പൊതുയോഗം അംഗീകരിക്കുന്ന സൂക്ഷ്മാസൂത്രണ രേഖ അനുസരിച്ചുള്ള വാർഷിക കർമ്മ പദ്ധതി നടപ്പിലാക്കുന്നത്. ഈ സമിതിയുടെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന വനം ഉദ്യോഗസ്ഥൻ ആണ് യോഗം വിളിച്ചുകൂട്ടുന്നത്.

## ശിപാർശ

വന സംരക്ഷണ സമിതികളെയും ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളെയും ശക്തിപ്പെടുത്തുന്നതിനായി മേൽപ്പറഞ്ഞവിധം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 25)

## സ്വീകരിച്ച നടപടി

വി.എസ്.എസ്./ഇ.ഡി.സി. എന്നിവയെ ശക്തിപ്പെടുത്തുന്ന കാര്യം അതാത് സമിതികളുടെ പൊതുയോഗം ചർച്ചചെയ്യുകയും അതനുസരിച്ച് തയ്യാറാക്കുന്ന കർമ്മ പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നു. അതോടൊപ്പം വനവികസന ഏജൻസികൾ തയ്യാറാക്കുന്ന പ്രൊപ്പോസൽ പ്രകാരം ലഭിക്കുന്ന ഫണ്ട് അനുസരിച്ച് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന നടപടികളും നടപ്പിലാക്കി വരുന്നു. വി.എസ്.എസ്./ ഇ.ഡി.സി./എഫ്.ഡി.എ. എന്നിവയുടെ പൊതുയോഗങ്ങളിൽ പ്രത്യേക ക്ഷണിതാവായി പഞ്ചായത്ത് പ്രസിഡന്റ്/ നിയമസഭ സാമാജികൻ എന്നിവർ പങ്കെടുക്കുന്നതിന് തടസ്സം ഇല്ലാത്തതിനാൽ ഈ ആവശ്യത്തിനായി നിലവിലെ സംവിധാനങ്ങൾ ഭേദഗതി ചെയ്യേണ്ട സാഹചര്യം നിലവിലില്ലായെന്ന് അറിയിക്കുന്നു.

**ശിപാർശ**

വിനോദസഞ്ചാരികളിൽ നിന്നും ഫീസ് ഈടാക്കുന്ന ഇക്കോ ടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം അടിയന്തരമായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിനോദ സഞ്ചാരികളുടെ പരാതികൾ/നിർദ്ദേശങ്ങൾ ഓൺലൈനായി സ്വീകരിച്ച് പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 26)

**സ്വീകരിച്ച നടപടി**

ഇക്കോടൂറിസം മേഖലകളിൽ നിന്നുള്ള വരുമാനം പ്രസ്തുത മേഖലയുടെ അടിസ്ഥാന സൗകര്യം വികസനത്തിനായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ വനപ്രദേശത്ത് സ്ഥിര നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വാഹകശേഷിക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യം മാത്രമേ ഒരുക്കേണ്ടതുള്ളൂ. വിനോദസഞ്ചാരികളുടെ പരാതിയും നിർദ്ദേശങ്ങളും ഓൺലൈനായി സ്വീകരിക്കുന്ന നടപടി നിലവിലുണ്ട്. ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമിതി പരിശോധിക്കുകയും ആവശ്യമെങ്കിൽ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

**ശിപാർശ**

സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും വരുമാനം സംബന്ധിച്ച കൃത്യമായ കണക്കുകൾ മനസ്സിലാക്കുന്നതിനും സാമ്പത്തിക ദുരുപയോഗത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനും വരുമാനത്തിന്റെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുന്നതിനുമായി 1 കോടി രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള വി.എസ്.എസ്./ഇ.ഡി.സി.-കളിൽ ഓഡിറ്റിംഗ് നിർബന്ധമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 27)

**സ്വീകരിച്ച നടപടി**

വി.എസ്.എസ്./ഇ.ഡി.സി./എഫ്.ഡി.എ. എന്നീ അക്കൗണ്ട്സുകൾ സി.&എ.ജി. അംഗീകരിച്ച പാനലിലുള്ള ഓഡിറ്റർമാരെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. വർഷത്തിലൊരിക്കൽ ചേരുന്ന പൊതുയോഗത്തിന് മുമ്പായി അക്കൗണ്ട്സുകൾ ഓഡിറ്റ് ചെയ്യുന്നു. ഓഡിറ്റ് റിപ്പോർട്ട് സഹിതമാണ് പൊതുയോഗം വിളിച്ചുചേർക്കുന്നത്.

**ശിപാർശ**

പ്രാദേശിക ഘടനയ്ക്ക് അനുസൃതമായി ദൂരപരിധി നിർണ്ണയിച്ച് സമിതികൾ രൂപീകരിക്കണമെന്നും ടി സമിതികളിൽ 'വോളന്ററി ആന്റ് ഓപ്പൺ മെമ്പർഷിപ്പ് ' എന്ന രീതിയിൽ അംഗത്വം നല്കി പരമാവധി ജോലി സ്ഥിരത ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 28)

**സ്വീകരിച്ച നടപടി**

'വോളന്ററി ആന്റ് ഓപ്പൺ മെമ്പർഷിപ്പ് സമ്പ്രദായം' വി.എസ്.എസ്./ഇ.ഡി.സി.-കളിൽ നിലവിലില്ല. വനാശ്രിത സമൂഹത്തിലുള്ള കുടുംബങ്ങളിൽ നിന്ന് രണ്ട് പേർക്കാണ് നിലവിലെ പങ്കാളിത്ത വനപരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അംഗത്വം ലഭിക്കുന്നത്. വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെയുള്ള വനസംരക്ഷണവും പരിപാലനവുമാണ് വി.എസ്.എസ്./ ഇ.ഡി.സി.-കളുടെ മുഖ്യ ലക്ഷ്യം.

**ശിപാർശ**

വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എം.പി/എം.എൽ.എ. ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും വനം വകുപ്പിന്റെ ഫണ്ടും വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 29)

**സ്വീകരിച്ച നടപടി**

ഗ്രീൻ ഇന്ത്യ മിഷൻ പോലുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾ വി.എസ്.എസ്./ഇ.ഡി.സി. എന്നിവ മുഖാന്തരമാണ്. കൂടാതെ എം.പി./എം.എൽ.എ. ഫണ്ടുകൾ വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതും ഉചിതമായിരിക്കും.

**ശിപാർശ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികൾ ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി വി.എസ്.എസ്./ഇ.ഡി.സി.-കളെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 30)

**സ്വീകരിച്ച നടപടി**

വനസംരക്ഷണത്തോടൊപ്പം വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ, ജീവിത നിലവാര ഉയർച്ച, സ്ഥിരം വികസന കാര്യങ്ങൾ നിർമ്മിക്കൽ, മൊത്തത്തിൽ അവരുടെ ജീവിത സൗകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യം വച്ചാണ് വി.എസ്.എസ്./ഇ.ഡി.സി. എന്നിവ രൂപീകരിച്ചിട്ടുള്ളത് നിലവിലെ വനനിയമങ്ങൾക്കനുസൃതമായും വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഹാനികരമല്ലാത്ത രീതിയിലുമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ സാങ്കേതിക പരിജ്ഞാനമുള്ള വി.എസ്.എസ്./ഇ.ഡി.സി.-കൾക്ക് അത് ഏറ്റെടുക്കാവുന്നതാണ്.

**ശിപാർശ**

വരുമാനം കുറഞ്ഞ വി.എസ്.എസ്./ഇ.ഡി.സി.-കളെ സഹായിക്കുന്നതിനായി വരുമാനം കൂടുതലുള്ള വി.എസ്.എസ്./ഇ.ഡി.സി.-കളുടെ ഫണ്ട് കൈമാറ്റം ചെയ്യണമെന്നും ഇതിനായി ഒരു കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 31)

**സ്വീകരിച്ച നടപടി**

ഇതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ആയതിന് ഇക്കോസിസ്റ്റം മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് പരിഷ്കരിച്ച മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (എംഎസ്.) നം. 40/17/വനം, തീയതി 23-8-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**ശിപാർശ**

വന്യജീവികളുടെ നാട്ടിലേക്കുള്ള കടന്നുകയറ്റം പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളുടെ നവീകരണം മൺബണ്ട്/ തടയണ നിർമ്മാണം എന്നീ പ്രവർത്തികൾ വി.എസ്.എസ്./ഇ.ഡി.സി.-കൾ മുഖേന നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 33)

**സ്വീകരിച്ച നടപടി**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ മുഖേന ഇത്തരം പ്രവൃത്തികൾ വി.എസ്.എസ്./ഇ.ഡി.സി.-കൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്.

**ശിപാർശ**

വന്യജീവികളുടെ ആവാസവ്യവസ്ഥയും ഭക്ഷ്യലഭ്യതയും ഉറപ്പു വരുത്തുന്നതിനായി മുൻ കാലങ്ങളിൽ തേക്ക് തോട്ടങ്ങൾ നിർമ്മിച്ച മാതൃകയിൽ വനത്തിനുള്ളിൽ മാവ്, പ്ലാവ്, പുളി, വെട്ടി, പന തുടങ്ങിയ ഫലവൃക്ഷങ്ങൾ വി.എസ്.എസ്./ഇ.ഡി.സി.-കളുടെ നേതൃത്വത്തിൽ നട്ടുപിടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 34)

**സ്വീകരിച്ച നടപടി**

NAP, GIM എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പ്രക്ഷീണ വനങ്ങളിൽ ഫലവൃക്ഷങ്ങളടക്കമുള്ള തദ്ദേശീയമായ വൃക്ഷങ്ങൾ നിലവിൽ വി.എസ്.എസ്./ഇ.ഡി.സി. കൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

**ശിപാർശ**

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ തടയുന്നതിനായുള്ള ഇലക്ട്രിക്ക് ഫെൻസിംഗിൽ ചെടികൾ പടർന്ന് കയറി വൈദ്യുതി പ്രസരണം തടസ്സപ്പെടുന്ന സാഹചര്യങ്ങളിൽ ഇതു പുനഃസ്ഥാപിക്കുന്നതിനുള്ള മെയിന്റനൻസ് പണികൾ കൂടി വി.എസ്.എസ്./ഇ.ഡി.സി.കളെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 35)

**സ്വീകരിച്ച നടപടി**

നിലവിൽ സോളാർ ഇലക്ട്രിക് ഫെൻസുകളുടെ പരിപാലനം വി.എസ്.എസ്./ഇ.ഡി.സി. -കളെ ഏൽപ്പിച്ചുവരുന്നു.

**ശിപാർശ**

വട്ടവടയിലെ ചെക്ക്ഡാം നിർമ്മാണം വി.എസ്.എസ്./ഇ.ഡി.സി.കളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച പ്രവൃത്തി അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 36)

**സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നതാണ്.

**ശിപാർശ**

വിവിധ വകുപ്പുകൾക്ക് വനമേഖലയിൽ വി.എസ്.എസ്./ഇ.ഡി.സി. മുഖേന പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 37)

**സ്വീകരിച്ച നടപടി**

നിലവിലെ വനനിയമങ്ങൾക്കനുസൃതമായും വനപരിപാലന തത്വങ്ങൾക്കനു-സൃതമായുമുള്ള പ്രവൃത്തികൾ മറ്റു വകുപ്പുകൾ ആസൂത്രണം ചെയ്താൽ അവ നടപ്പിലാക്കുന്ന കാര്യം വി.എസ്.എസ്./ഇ.ഡി.സി.കളെ ഏൽപ്പിക്കാവുന്നതാണ്. നിലവിൽ ചില വകുപ്പുകളുടെ ജോലികൾ പ്രാപ്തരായ ചില വി.എസ്.എസ്.കൾ ഏറ്റെടുത്ത് ചെയ്യുന്നുണ്ട്.

**ശിപാർശ**

വി.എസ്.എസ്./ഇ.ഡി.സി.കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സമിതി അംഗങ്ങൾ മുഖേന ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ച് ട്രൈബൽ കോളിനികളിൽ റോട്ടറി മെഷീൻ ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 38)

**സ്വീകരിച്ച നടപടി**

വി.എസ്.എസ്./ഇ.ഡി.സി. എന്നിവ പ്രവർത്തിക്കുന്ന പ്രദേശത്തെ സാധ്യതകൾ ക്കനുസരിച്ച് പ്രവർത്തനം നടത്തുകയും വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് എഫ്.ഡി.എ./എസ്.എഫ്.ഡി.എ. എന്നിവയുടെ അംഗീകാരം നേടി നടപ്പിലാക്കുകയെന്നത് വി.എസ്.എസ്./ ഇ.ഡി.സി. എന്നിവയുടെ പ്രാഥമിക കർത്തവ്യമാണ്. ട്രൈബൽ കോളനികളിൽ റോട്ടറി മെഷീൻ ഉപയോഗിച്ച വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**ശിപാർശ**

വരുംവർഷങ്ങളിൽ കാട്ടുതീ നിയന്ത്രണ വിധേയമാക്കുന്നതിനായി ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാരോടൊപ്പം കാട്ടുതീ നിയന്ത്രിക്കുന്നതിനായുള്ള നൈപുണ്യ പരിശീലനം വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി പ്രവർത്തകർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 39)

**സ്വീകരിച്ച നടപടി**

കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നിറവേറ്റുന്നത് സംരക്ഷണ വിഭാഗം ജീവനക്കാരിലൂടെയാണ്. വി.എസ്.എസ്./ഇ.ഡി.സി. എന്നിവയുടെ കർമ്മ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് പുറമേ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ള അംഗങ്ങൾക്ക് ഇത്തരത്തിൽ പരിശീലനം നല്കിവരുന്നു.

**ശിപാർശ**

കാട്ടുതീ സാധ്യത കൂടുതലുള്ള വനമേഖലകളിൽ വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കാട്ടുതീ മോണിറ്ററിംഗ് സെൽ രൂപികരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 40)

**സ്വീകരിച്ച നടപടി**

വി.എസ്.എസ്./ഇ.ഡി.സി.-കൾ വഴി സംസ്ഥാനത്തെ പകുതിയോളം വരുന്ന കാട്ടുതീ പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ശിപാർശ**

വനത്തിനുള്ളിലെ തടയണ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വി.എസ്.എസ്./ഇ.ഡി.സി.-കളുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും അതോടൊപ്പം ജനവാസ കേന്ദ്രങ്ങളോടടുത്തുള്ള വനമേഖലകളിൽ കാട്ടുതീ ബോധവൽക്കരണ പ്രവർത്തനം വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.41)

**സ്വീകരിച്ച നടപടി**

വനത്തിനുള്ളിലെ തടയണ നിർമ്മാണ പ്രവർത്തികളും കാട്ടുതീ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങളും വി.എസ്.എസ്./ഇ.ഡി.സി. മുഖാന്തരം നടത്തിവരുന്നു.

**ശിപാർശ**

വനാശ്രിതരുടെ തൊഴിലവസരങ്ങളും ജീവനോപാധിയും കൂടുതൽ മെച്ചപ്പെടുത്തുന്ന തിനായുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി വി.എസ്.എസ്./ ഇ.ഡി.സി. അംഗങ്ങൾക്ക് ഭരണതലത്തിൽ മതിയായ പരിശീലനം നല്കുന്നതിന് വനംവകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.42)

**സ്വീകരിച്ച നടപടി**

പരിശീലനത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

വനമേഖല ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന വനമേഖലകളുടെ ചാർജ്ജുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേഖലയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വ്യക്തി, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെന്റ് സമിതിയിലെ ഒരു അംഗം എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തുതല ജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.43)

**സ്വീകരിച്ച നടപടി**

7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 51/2017/വനം പ്രകാരം ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

**ശിപാർശ**

വി.എസ്.എസ്./ഇ.ഡി.സി. സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരെഞ്ഞെടുപ്പ് ജനാധിപത്യപരമാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.44)

**സ്വീകരിച്ച നടപടി**

വി.എസ്.എസ്./ഇ.ഡി.സി. എന്നിവയുടെ പൊതുയോഗങ്ങൾ വിളിച്ചുചേർത്തുകൊണ്ടാണ് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് രൂപം കൊടുക്കുന്നത്. വി.എസ്.എസ്. അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 9 അംഗങ്ങളും മറ്റ് ഔദ്യോഗിക മെമ്പർമാരും ചേർന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. തികച്ചും ജനാധിപത്യ രീതിയിലാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തിരെഞ്ഞെടുപ്പ്.

**ശിപാർശ**

ഫീൽഡ് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി വി.എസ്.എസ്./ ഇ.ഡി.സി. സമിതികളുടെ സെക്രട്ടറിമാരായി നിയമിക്കുന്നവരെ വനസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ നിന്നും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.45)

**സ്വീകരിച്ച നടപടി**

വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം മെച്ചപ്പെടുത്തുന്ന സാഹചര്യത്തിൽ ഇതു പരിഹരിക്കുന്നതാണ്.

**ശിപാർശ**

വി.എസ്.എസ്./ഇ.ഡി.സി.കളുടെ ഫണ്ടുകൾ അതതു പ്രദേശത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.46)

**സ്വീകരിച്ച നടപടി**

നിലവിൽ വി.എസ്.എസ്./ഇ.ഡി.സി.കളുടെ ഫണ്ടുകൾ മിക്കവയും ദേശസാൽകൃത ബാങ്കുകളിലാണ്, ഇത്തരം ബാങ്കുകൾ സമീപത്തില്ലാത്ത പക്ഷം സഹകരണ ബാങ്കുകളെ ആശ്രയിക്കുന്നു.

**ശിപാർശ**

വനസംരക്ഷണ സമിതികളെല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് മനസ്സിലാക്കുന്നതിനായി അവയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് (ആക്ഷൻ പ്ലാൻ) സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം.47)

**സ്വീകരിച്ച നടപടി**

വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതാണ്.

എ. കെ. ശശീന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2022, ജൂലൈ 12.

## അനുബന്ധം

# 11-11-2020-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2020 നവംബർ 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ യോഗം ചേരുകയും സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ അദ്ധ്യക്ഷത വഹിക്കുകയും, ചെയ്തു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. സമിതി അംഗം ശ്രീ. ബി. ഡി. ദേവസ്സി എന്നിവരും ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ പങ്കെടുത്തു.

<u>ഹാജരായ അംഗം</u> :

ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. കൃഷ്ണ തേജ, ഡയറക്ടർ (ഇൻ-ചാർജ്ജ്), ടൂറിസം വകുപ്പ്
3. ശ്രീ. രാജീവ് കാരിയിൽ, പ്ലാനിംഗ് ഓഫീസർ, ടൂറിസം വകുപ്പ്.

<u>ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത ഉദ്യോഗസ്ഥർ</u> :

1. ശ്രീ. രാജേഷ് കുമാർ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വനംവകുപ്പ്
2. ഡോ. ഉഷാ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
4. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആൻഡ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

5. ശ്രീ. കെ. രൂപേഷ് കുമാർ, കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് റെസ്പോൺസിബിൾ ടൂറിസം മിഷൻ

6. ശ്രീ. ഡി. കെ. വർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ്)

7. ഡോ. ജോൺ പി. മാത്യു, എൺവയോൺമെന്റൽ പ്രോഗ്രാം മാനേജർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമാറ്റിക് ചെയ്ഞ്ച്

8. ഡോ. ജെസ്സി ജ്യോതി, എൻവയോൺമെന്റൽ ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമാറ്റിക് ചെയ്ഞ്ച്

9. ശ്രീമതി ശ്രീജാ രാജ്. എസ്, എൻവയോൺമെന്റൽ ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റൽ ആൻഡ് ക്ലൈമാറ്റിക് ചെയ്ഞ്ച്

10. ശ്രീമതി മഞ്ജുഷ യു., പ്രോജക്ട് സയന്റിസ്റ്റ്, സ്റ്റേറ്റ് വെറ്റ് ലാൻഡ് അതോറിറ്റി, കേരള.

സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വനംവന്യജീവി വകുപ്പും വിനോദസഞ്ചാര വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കൊല്ലം ജില്ലയിലെ ആശ്രാമം പ്രദേശം (ആശ്രാമം മൈതാനം ഒഴിവാക്കിക്കൊണ്ട്) ജൈവവൈവിധ്യപൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള എസ്.ആർ. ഒ.-യുടെ സാധൂകരണം, "കേരളത്തിലെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യനിർമ്മാർജ്ജന ത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന വിഷയത്തിന്മേൽ തയ്യാറാക്കിയ ചോദ്യാവലിയിന്മേൽ തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും ആയതിന്മേൽ തുടർചർച്ച നടത്തുകയും ചെയ്തു.

I. സമിതിയുടെ 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1 മുതൽ 7 വരെയുള്ള ശിപാർശകളിന്മേൽ വനം വന്യജീവി വകുപ്പും 17 മുതൽ 30 വരെയുള്ള ശിപാർശകളിന്മേൽ വിനോദസഞ്ചാര വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്ന 6 കോടി രൂപ വകയിരുത്തിയിട്ടില്ല എന്ന മറുപടി പരിഗണിച്ച സമിതി, തൃശ്ശൂർ ജില്ലയിൽ മലയോര മേഖല ഉൾപ്പെടെ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണംമൂലം

കൃഷിനാശവും മനുഷ്യർക്കും കന്നുകാലികൾക്കും ജീവഹാനിയും നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്ത തുക വകയിരുത്തിയില്ല എന്നു മാത്രമല്ല ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടുമില്ല എന്നതിന്മേൽ സമിതി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു.

നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്റെ 98.17% മാത്രമാണ് ചെലവഴിച്ചതെന്നും, ട്രഷറി നിയന്ത്രണവും ബിൽ ജനറേറ്റ് ചെയ്യുന്നതിനുള്ള നിയന്ത്രണവും കാരണം പൂർത്തീകരിച്ച ജോലികൾക്ക് പ്രതിഫലം നൽകാൻ കഴിയാതിരുന്നതിനാൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചില്ലെന്ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

തൃശ്ശൂർ ജില്ലയ്ക്ക് ഒരു പുതിയ ആർ.ആർ.ടി (റാപ്പിഡ് റെസ്പോൺസ് ടീം) അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശം സമിതി ആരാഞ്ഞതിന്, നിലവിൽ സർക്കാർ നിയന്ത്രണത്തിൽ 8 ആർ.ആർ.ടി കളാണ് പ്രവർത്തിക്കുന്നതെന്നും, എന്നാൽ വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലുള്ള സ്ഥലങ്ങളിലേയ്ക്ക് മറ്റ് സ്ഥലങ്ങളിൽ നിന്ന് നിലവിലുള്ള സ്റ്റാഫിനെ പൂൾ ചെയ്ത് താൽക്കാലികമായി ആർ.ആർ.ടി.കൾ പ്രവർത്തിക്കുന്നുണ്ടെന്നും, കൂടാതെ നിലവിലുള്ളവയെ ശക്തിപ്പെടുത്തുവാനും, താൽക്കാലികമായിട്ടുള്ളവയെ സ്ഥിരപ്പെടുത്തുന്നതിനും പ്രസ്തുത ആർ.ആർ.ടി.കൾക്കാവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണെന്നും, ധനകാര്യ വകുപ്പിന്റെ നിയന്ത്രണം മൂലമാണ് ഇത് പ്രാവർത്തികമാക്കുവാൻ കഴിയാത്തതെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ആർ. ആർ. ടി. ഇല്ലാത്ത ജില്ലകളിൽ അവ അനുവദിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ടി വിഷയത്തിൽ തൃശ്ശൂർ ജില്ലയ്ക്ക് മുൻഗണന നൽകുമെന്നും വനം വകുപ്പ് മന്ത്രി വ്യക്തമാക്കി.

പുത്തൂർ സുവോളജിക്കൽ പാർക്ക്-വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രത്തിനായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത 10.5 കോടി രൂപ നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാത്തതിനാൽ വകയിരുത്തിയിട്ടില്ലെന്ന് ബഹു. വനം വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത പ്രോജക്ടിന്റെ ആദ്യഘട്ടം 2020 ഡിസംബർ അവസാനത്തോടുകൂടി പൂർത്തിയാകുമെന്നും, തൃശ്ശൂരിൽ നിന്നുള്ള മൃഗങ്ങളെ 2021 മാർച്ച് മാസത്തോടെ അവിടേക്ക് മാറ്റാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു. രണ്ടു മാസത്തിലൊരിക്കൽ പുത്തൂർ സുവോളജിക്കൽ പാർക്ക് സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നും ടി പാർക്ക് പൂർണ്ണതയിലെത്തിയാൽ അത് ലോകനിലവാരമുള്ള ഒരു പ്രോജക്ടായിരിക്കുമെന്നും വനം വകുപ്പുമന്ത്രി അറിയിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്ന ശീർഷകത്തിൽ അധികമായി ശിപാർശ ചെയ്ത 7.6 കോടി രൂപ വകയിരുത്തിയിട്ടില്ലെന്ന മറുപടി പരിഗണിച്ച സമിതി നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നാരാഞ്ഞതിന് ബഡ്ജറ്റ് വിഹിതമായ 40 ലക്ഷം രൂപയിൽ 37 ലക്ഷം രൂപ ചെലവാക്കിയെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അറിയിച്ചു. ചില പ്രദേശങ്ങളിലെ കർഷകർക്ക് വന്യമൃഗ ആക്രമണ നഷ്ടപരിഹാരതുക യഥാസമയം ലഭിക്കുന്നില്ലെന്ന പരാതിയുടെ നിജസ്ഥിതി സമിതി ആരാഞ്ഞതിന് ഫണ്ടിന്റെ പ്രശ്നമല്ല കാരണമെന്നും, ഉടൻ ചേരുന്ന യോഗത്തിൽ പ്രസ്തുത വിഷയത്തിന്മേൽ വ്യക്തത വരുത്താമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്മെന്റ്) അറിയിച്ചപ്പോൾ ഫണ്ടിന്റെ പ്രശ്നമില്ലെങ്കിൽ പ്രസ്തുത നഷ്ടപരിഹാരതുക യഥാസമയം കൊടുക്കുവാൻ കഴിയണമെന്ന് വനം വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

ക്രമാതീതമായി വംശവർദ്ധനവ് നടത്തുന്ന പന്നി, കുരങ്ങ് എന്നീ മൃഗങ്ങളുടെ എണ്ണം കുറയ്ക്കണമെന്ന് ഗവൺമെന്റ് മുൻപ് തീരുമാനമെടുത്തിരുന്നുവെങ്കിലും ആയത് പ്രാവർത്തികമാകുന്നില്ലെന്നും, പ്രസ്തുത വിഷയത്തിൽ ഗവൺമെന്റ് ശക്തമായി ഇടപെടണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു.

തുടർന്ന് ഇടുക്കി ജില്ലയിലെ അടിമാലി, ഇടമലക്കുടി എന്നീ ആദിവാസി മേഖലകളിലെ റോഡ് നിർമ്മാണം വൈകുന്ന വിഷയം സമിതി ചർച്ച ചെയ്യുകയുണ്ടായി. പ്രളയശേഷം തകർന്ന പ്രസ്തുത റോഡുകളുടെ ശോച്യാവസ്ഥ കാരണം ആദിവാസികൾക്കുള്ള ഓണക്കിറ്റ് വിതരണം നടത്തുവാൻ സാധിക്കാത്ത സ്ഥിതി സംജാതമായ അവസരത്തിൽ വനം വകുപ്പ് റോഡ് വെട്ടി പ്രസ്തുത കോളനികളിലേക്ക് റേഷൻ വിതരണം നടത്തുകയുണ്ടായെന്ന് ബഹു. വനം മന്ത്രി അറിയിച്ചു. എന്നാൽ ഇത് ഒരു പഴയ വിഷയമാണെന്നും ആദിവാസികൾക്കായി വീടുകളും റോഡും നിർമ്മിക്കുന്ന പദ്ധതിപ്രകാരം റോഡ് പണി ആരംഭിച്ചപ്പോൾ തന്നെ വനസംരക്ഷണ നിയമത്തിന്റെ ലംഘനമാണെന്നാരോപണമുണ്ടായപ്പോൾ പ്രസ്തുത പ്രവർത്തനം നിർത്തിവയ്ക്കുകയുണ്ടായെന്നും കഴിഞ്ഞ 4 വർഷത്തോളമായി തുടർനടപടി ആരംഭിച്ചിട്ടില്ലെന്നും വനംവകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

28 കുടികളിലായി രണ്ടായിരത്തിലധികം ആദിവാസികൾ താമസിക്കുന്ന ഇടമലക്കുടിയിൽ റോഡ് നിർമ്മാണ വിഷയത്തിൽ കോടതിയുടെ സ്റ്റേ ഓർഡർ ഇല്ലാത്ത സാഹചര്യത്തിൽ റോഡിന്റെ ശോച്യാവസ്ഥ പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കണമെന്ന് ബഹു. സ്ഥലം എം. എൽ. എ. ആവശ്യപ്പെട്ടതിൻ പ്രകാരം തിരുവനന്തപുരത്ത് അടിയന്തരമായി പ്രത്യേകയോഗം വിളിച്ച് പ്രസ്തുത വിഷയത്തിന്മേൽ ഗവൺമെന്റ്തലത്തിൽ തീരുമാനം ഉണ്ടാക്കാമെന്ന് ബഹു. വനം വകുപ്പ് മന്ത്രി അറിയിച്ചു.

മലയോര ഹൈവേ സംബന്ധിച്ച വിഷയം ബഹു. അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വനം വകുപ്പിന്റെ അധികാരപരിധിയിലുള്ള സ്ഥലത്തിലൂടെയാണ് മലയോരഹൈവേ കടന്നു പോകുന്നതെന്നും, എന്നാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ടാണ് പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളിലേക്ക് കടക്കാൻ സാധിക്കാത്തതെന്നും നിലവിൽ നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ടെന്നും ഫയൽ ഇപ്പോൾ വനം വകുപ്പിന്റെ പരിഗണനയിലാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും ബഹു. അംഗം ചൂണ്ടിക്കാട്ടി. വനം വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രദേശം സംബന്ധിച്ച വിവരം ലഭ്യമാക്കിയാൽ പ്രശ്നത്തിൽ ഇടപെടാമെന്ന് ബഹു. വനം വകുപ്പുമന്ത്രി അറിയിച്ചു.

പട്ടയം ലഭിച്ച ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോയെന്ന് സമിതി അംഗം ആരാഞ്ഞതിന് ഈ അടുത്ത കാലത്തായി റവന്യൂ വകുപ്പ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സമിതി ചെയർമാൻ മറുപടി നൽകി.

വാഴച്ചാൽ ഡിവിഷനിലെ ആനക്കയത്ത് ഉരുൾപൊട്ടലുണ്ടായ ശേഷം ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിലും വനം വകുപ്പിന്റെ അനുമതി ഇല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും. പ്രസ്തുത പ്രദേശത്തെ ആദിവാസികൾ പാറപ്പുറത്താണ് നിലവിൽ താമസിക്കുന്നതെന്നും പ്രസ്തുത വിഷയത്തിന്മേൽ അടിയന്തര നടപടി ഉണ്ടാകണമെന്നും ബഹു. അംഗം ആവശ്യപ്പെട്ടു.

ആനക്കയത്തെ പ്രശ്നം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് വനം വകുപ്പിലേയ്ക്ക് ഫയൽ വന്നിട്ടില്ലെന്നും, കഴിഞ്ഞ യോഗത്തിൽ നിലമ്പൂരിലുള്ള രണ്ട് വിഷയങ്ങൾ പരിഗണിച്ചിരുന്നുവെന്നും ആദിവാസികൾ മണ്ണിടിച്ചിൽ ഭീഷണിയുള്ള സ്ഥലത്താണ് താമസിക്കുന്നതെങ്കിൽ അവരെ മാറ്റി താമസിപ്പിക്കേണ്ടതാണെന്നും എന്നാൽ നിയമപ്രകാരമുള്ള ചില തടസ്സങ്ങൾ കാരണമാണ് ഇത് സാധിക്കാത്തതെന്നും അവർ നിലവിൽ താമസിക്കുന്ന സ്ഥലത്ത് അവകാശം നൽകുവാനാണ് വനസംരക്ഷണ നിയമത്തിൽ അനുശാസിക്കുന്നതെന്നും അവകാശം തിരിച്ചു വാങ്ങുവാനോ മറ്റൊരു സ്ഥലത്ത് മാറ്റിക്കൊടുക്കുവാനോ നിലവിലുള്ള നിയമത്തിൽ പറയുന്നില്ലെന്നും അപകടസാധ്യത മുൻനിർത്തി ഗവൺമെന്റ് നയപരമായ മാറ്റം വരുത്തിയാലേ ഇതിന് ശാശ്വതപരിഹാരം കാണുവാൻ കഴിയുകയുള്ളൂവെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിലെ (ഡി. റ്റി. പി. സി) ജീവനക്കാരെ സ്ഥിരം ജീവനക്കാരാക്കുന്നതിന്റെ ഭാഗമായി തസ്തിക തിരിച്ച് റിപ്പോർട്ട് നൽകിയിട്ട് മൂന്ന് വർഷം കഴിഞ്ഞുവെന്നും അവർക്ക് വേതനം നൽകുന്നത് അവരുടെ വരുമാനത്തിൽ നിന്നായിരിക്കെ തുടർനടപടികൾ വൈകുന്ന കാര്യത്തിൽ ബഹു. ടൂറിസം മന്ത്രി ഇടപെട്ട്

വ്യക്തത വരുത്തണമെന്ന് സമിതി അംഗം ആവശ്യപ്പെട്ടപ്പോൾ ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്നും ഒരു തവണ ഈ വിഷയം ചർച്ച ചെയ്തതാണെന്നും, എല്ലാ ജില്ലകളിലും ഡി.റ്റി.പി.സി.-കൾ ഒരേ പോലെയല്ല പ്രവർത്തിക്കുന്നതെന്നും ആകയാൽ പൊതുവായി ഒരു തസ്തിക സൃഷ്ടിച്ച് സർവ്വീസ് റൂൾസ് നിർമ്മിക്കേണ്ടി വരുന്നതിനാലാണ് കാലതാമസം ഉണ്ടാകുന്നതെന്നും ടൂറിസം സെക്രട്ടറി മറുപടി നൽകി.

ഓരോ ജില്ലയുടെയും ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനം വ്യത്യസ്തമാണെന്നും, ഇടുക്കി ജില്ലയ്ക്ക് മാത്രമായി ഒരു പോളിസി തയ്യാറാക്കുവാൻ സാധിക്കില്ലെന്നും ഇതു സംബന്ധിച്ച് ടൂറിസം ഡയറക്ടർ ഗവൺമെന്റിലേക്ക് ഒരു പ്രൊപ്പോസൽ അയച്ചിട്ടുണ്ടെന്നും, പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് സംസ്ഥാനത്തുടനീളം ഡി.റ്റി.പി.സി.-യിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ പ്രശ്നപരിഹാരത്തിന് താമസംവിനാ നടപടി സ്വീകരിക്കാമെന്നും ബഹു. ടൂറിസം മന്ത്രി വ്യക്തമാക്കി.

ആതിരപ്പിള്ളി യാത്രീനിവാസിന്റെ നിർമ്മാണത്തിന്റെ ആദ്യഘട്ടം മാത്രമാണ് ഇതുവരെ പൂർത്തിയായതെന്നും, ഇന്റീരിയർ വർക്ക് ഉൾപ്പെടെ അനുബന്ധ ജോലികൾ പൂർത്തിയാക്കുവാനുണ്ടെന്നും പ്രസ്തുത ജോലികൾ അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുമെന്ന് സമിതി അംഗത്തിന്റെ ചോദ്യത്തിന് മറുപടിയായി ടൂറിസം ഡയറക്ടർ-ഇൻ-ചാർജ്ജ് വ്യക്തമാക്കി.

പണി തുടങ്ങി പന്ത്രണ്ട് വർഷമായിട്ടും മൂന്നാറിലെ ഗസ്റ്റ്ഹൗസിന്റെ രണ്ടാംഘട്ടം പൂർത്തിയായിട്ടില്ലെന്ന് സമിതി ആക്ഷേപം ഉന്നയിച്ചു. പൊതുമരാമത്ത് വകുപ്പ് പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ഗസ്റ്റ് ഹൗസിന്റെയും യാത്രീ നിവാസിന്റെയും പ്രവർത്തനം അടിയന്തരമായി ആരംഭിക്കുവാൻ സാധിക്കുമെന്നും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

മൂന്നാറിലെ ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ലെന്നും, ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് ആരംഭിച്ച നിർമ്മാണ പ്രവർത്തിയാണിതെന്നും അതിപ്പോഴും തുടർന്നുവരികയാണെന്നുമുള്ള സമിതിയുടെ ആക്ഷേപത്തിന് മറുപടിയായി മൂന്നാർ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ രണ്ട് ഗസ്റ്റ് ഹൗസുകളുടെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹു. ടൂറിസം വകുപ്പ് മന്ത്രി വ്യക്തമാക്കി.

സമിതിയുടെ 2019-2020 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1 മുതൽ 7 വരെയുള്ള ശിപാർശകൾക്ക് വനം വന്യജീവി വകുപ്പ് ലഭ്യമാക്കിയ നടപടി

സ്റ്റേറ്റ്മെന്റുകളും ഖണ്ഡിക നമ്പർ 17 മുതൽ 30 വരെയുള്ള ശിപാർശകളിന്മേൽ വിനോദസഞ്ചാര വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. 399/19-ാം നമ്പർ എസ്. ആർ. ഒ. സാധൂകരണം

പരിസ്ഥിതി വകുപ്പ് സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ കൊല്ലം ജില്ലയിലെ ആശ്രാമം പ്രദേശം (ആശ്രാമം മൈതാനം ഒഴിവാക്കിക്കൊണ്ട്) ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള 399/19-ാം നമ്പർ എസ്.ആർ.ഒ. പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു. ഏകദേശം 28 ഇനം കണ്ടൽ കാടുകളാലും പ്രത്യേക ജനുസ്സിൽപ്പെട്ട അപൂർവ്വമായ വൻമരങ്ങളാലും നിബിഡമായ, പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായ ആശ്രാമം പ്രദേശത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്, പ്രസ്തുത പ്രദേശത്തെ ജൈവവൈവിധ്യപൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്യുന്നതിനായി കൊല്ലം മേയർ ചെയർപേഴ്സണായിട്ടുള്ള ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്നും, സംസ്ഥാനത്ത് ആദ്യമായാണ് ഒരു പ്രദേശം ജൈവവൈവിധ്യപൈതൃക കേന്ദ്രമായി പ്രഖ്യാപിക്കുന്നതെന്നും പ്രഖ്യാപനത്തിനു ശേഷം പ്രസ്തുത പ്രദേശത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുമെന്നും കൂടാതെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളുവെന്നും ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ഇപ്പോൾ അവിടെ നടക്കുന്ന രണ്ടു മൂന്ന് നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ ബഹു. ചെയർമാൻ ആരാഞ്ഞതിന് പ്രസ്തുത പൈതൃക കേന്ദ്രത്തിനുള്ളിൽ ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള സാംസ്കാരിക കോംപ്ലക്സ് ഉൾപ്പെടുന്നുണ്ടെന്നും 2018-ൽ പ്രസ്തുത സ്ഥലം റവന്യൂ വകുപ്പ് സാംസ്കാരിക വകുപ്പിന് കൈമാറിയെങ്കിലും, വിജ്ഞാപനം ഇറങ്ങിയശേഷമാണ് സ്ഥലം സാംസ്കാരിക വകുപ്പിന് ലഭിക്കുന്നതെന്നും പൈതൃകകേന്ദ്രം വിജ്ഞാപനം ചെയ്തപ്പോൾ പ്രസ്തുത സ്ഥലവും ഉൾപ്പെട്ടുവെന്നും അതുകൊണ്ട് ആശ്രാമം മൈതാനം ഒഴിവാക്കിയ രീതിയിൽ സാംസ്കാരിക കേന്ദ്രം ഉൾപ്പെടുന്ന സ്ഥലം ഒഴിവാക്കുകയാണ് ഇനി ചെയ്യേണ്ടതെന്നും, 2018-ൽ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറ്റം ചെയ്ത സ്ഥിതിക്ക് പ്രസ്തുത സ്ഥലം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സൈറ്റിൽ ഉൾപ്പെടുത്താൻ പാടില്ലായിരുന്നുവെന്നും, അതുകൊണ്ട് ആ സ്ഥലം മാത്രം ഒഴിവാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടതെന്നും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി. ഈ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ടെന്നും, ആയത് ഹിയറിംഗിനായി മാറ്റിവച്ചിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫിഷറീസ് വകുപ്പിന്റെ ഒരു കെട്ടിടത്തിന്റെ നിർമ്മാണവും അവിടെ നടക്കുന്നുണ്ടെന്ന് സമിതി ചെയർമാൻ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്, ഫിഷറീസ് വകുപ്പിന്റെ സ്ഥലം പൈതൃക കേന്ദ്രത്തിന്റെ സൈറ്റിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെന്നും, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ നിർമ്മാണപ്രവൃത്തികൾ തുടർന്ന് നടത്തുവാൻ പാടുള്ളൂ എന്ന് ഫിഷറീസ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും, സാംസ്കാരിക കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയതുകൊണ്ട് അത് ഡീനോട്ടിഫൈ ചെയ്യാമെന്നും എന്നാൽ ഫിഷറീസ് വകുപ്പിന് അനുവാദം നൽകിയിട്ടില്ലെന്നും ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

മേൽ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ടെന്നും അതിനായി കൂടുതൽ വിശദാംശങ്ങൾ അറിയേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ നിർദ്ദിഷ്ട കൊല്ലം ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോ/നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ടി പ്രവൃത്തി നടക്കുന്ന/ നടപ്പാക്കുന്ന ഭൂപ്രദേശം, വിസ്തൃതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ; ടി നിർമ്മാണ പ്രവർത്തനത്തിന് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ ജൈവവൈവിധ്യ സംരക്ഷണത്തിനും പരിപാലനത്തിനും കോട്ടം വരുത്തുമോ തുടങ്ങിയ വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു. പ്രസ്തുത വിവരങ്ങൾ ലഭ്യമായശേഷം ടി വിഷയം വീണ്ടും പരിഗണിക്കുവാനും സമിതി തീരുമാനിച്ചു.

III. കേരളത്തിലെ കായൽതീര വിനോദ സഞ്ചാരകേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന വിഷയത്തിന്മേലുള്ള തുടർചർച്ച

കേരളത്തിലെ കായൽതീര വിനോദ സഞ്ചാരകേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന വിഷയം സംബന്ധിച്ച് തയ്യാറാക്കിയ ചോദ്യാവലിയിന്മേൽ തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ആയതിന്മേൽ തുടർചർച്ച നടത്തിയ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ശിപാർശകൾ ഉൾപ്പെടുത്തി ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുവാൻ നിർദ്ദേശിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3.15-ന് പിരിഞ്ഞു.

# 5-7-2021-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2021 ജൂലൈ മാസം 5-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 4 എ സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഗൂഗിൾ മീറ്റ് മുഖേന യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.
4. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി. വി. എസ്, അണ്ടർ സെക്രട്ടറി

## കരട് റിപ്പോർട്ട് പരിഗണന

സമിതി, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള XXXIV, XLII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും കരട് റിപ്പോർട്ടിലെ 4-ാം ഖണ്ഡികയിലെ ശിപാർശയിൽ ചുവടെ ചേർക്കുന്ന ഭേദഗതിവരുത്തി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 9278/സബ്സി.എഫ്1/21/നി.സെ.)

"മലയോര മേഖലയിലെ മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം/വർദ്ധിപ്പിക്കുന്ന വിഹിതം ഒരു പ്രദേശത്തെ ആവശ്യത്തിനു പോലും പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. തീരദേശമേഖലയുടെ സംരക്ഷണത്തിനുള്ള പ്രാധാന്യം പോലെ മലയോരമേഖലകളിലെ വന്യമൃഗ ആക്രമണത്തിൽ നിന്നുള്ള സംരക്ഷണവും വിപുലവും പ്രാധാന്യമുള്ളതുമാണ്. സംസ്ഥാനത്തെ മലയോര മേഖലകളിൽ

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങി ഭയാനകമായ രീതിയിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ജീവന് ഭീഷണി സൃഷ്ടിക്കുകയും അതോടൊപ്പം കാർഷിക വിളകൾ നശിപ്പിക്കുകയും ചെയ്യുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിക്കുന്നതിനുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി നിയന്ത്രിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, വന്യമൃഗങ്ങളിൽ നിന്നും മലയോര/വനമേഖലകളിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും, അവ നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന സാമ്പത്തിക ചെലവ് ഉൾപ്പെടെ ശാസ്ത്രീയമായി അപഗ്രഥിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്നും ടി മാസ്റ്റർ പ്ലാൻ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.”

ii. സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 6501/സബ്സി.എഫ്1/21/നി.സെ.)

iii. 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം.1492/സബ്സി.എഫ്1/20/നി.സെ.)

സമിതി പരിഗണിച്ച് ഭേദഗതികളോടെ അംഗീകരിച്ച 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മേൽസൂചിപ്പിച്ച കരട് റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി X-ന്റെ ഒന്നാമത് റിപ്പോർട്ടായി 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുന്നതിനും മറ്റ് രണ്ട് റിപ്പോർട്ടുകൾ വരുന്ന സഭാ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുവാനും സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 28-6-2021-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2021 ജൂൺ 28-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ

സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും ചുവടെ ചേർക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.
4. ശ്രീ. പി.എസ്. സുപാൽ, എം.എൽ.എ.

ഗൂഗിൾമീറ്റ് വഴി പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. എം. മുകേഷ്, എം.എൽ.എ.
2. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വേണുഗോപാൽ ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി റാണി ജോർജ്ജ്, പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
2. ശ്രീ. കൃഷ്ണാ തേജ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.
3. ശ്രീമതി കൃഷ്ണപ്രിയ. ഡി., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.
4. ശ്രീ. വി. സുശീൽകുമാർ., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.
5. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS)
6. ശ്രീ. പി.എം. നൗഷാദ്, മാനേജിംഗ് ഡയറക്ടർ, മുസിരീസ് ഹെറിറ്റേജ് പ്രോജക്ട്സ്.
7. ശ്രീ. കെ.ജി. മോഹൻലാൽ, സി.എം.ഡി., കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്.

8. ശ്രീ. സന്തോഷ് ലാൽ എ.ആർ., ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.

9. ശ്രീ. രാജീവ് കരിയിൽ, പ്ലാനിംഗ് ഓഫീസർ, വിനോദ സഞ്ചാരവകുപ്പ്.

10. ശ്രീ. സന്തോഷ് എസ്.എസ്., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ടൂറിസം.

11. ശ്രീ. ജിതിൻ പി., സൂപ്രണ്ട് (ഇൻ-ചാർജ്ജ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്.

സമിതി, 2021-22 സാമ്പത്തിക വർഷത്തെ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട XLII-ാം നമ്പർ ധനാഭ്യർത്ഥന, 2020-21 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XLII-ൽ ആകെയുള്ള 24 പദ്ധതികൾക്കായി ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം 320.14 കോടി രൂപയാണെന്ന് ആമുഖമായി വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന്, വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XLII -ലെ അധിക തുക ആവശ്യപ്പെട്ട പദ്ധതി/പദ്ധതിയേതര ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും അധിക തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു.

5452-01-101-99-00—<u>അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും</u>

34-3—<u>മറ്റു ചെലവുകൾ - മറ്റിനം</u>

സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച മൂന്നാർ റെയിൽ, മലബാർ ലിറ്റററി സർക്യൂട്ട്, ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്നു വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 113 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മലബാർ ലിറ്റററി സർക്യൂട്ടിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോയെന്നും സമിതി അംഗം ആരാഞ്ഞതിന് ഡി.പി.ആർ (Detailed Project Report) തയ്യാറായിക്കൊണ്ടിരിക്കുകയാണെന്ന് വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

പ്രഗത്ഭരായ ഗ്രന്ഥകർത്താക്കളും സാഹിത്യകാരന്മാരുമായിരുന്ന കേരളത്തിലെ മുൻമുഖ്യമന്ത്രിമാരായ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെയും സി.എച്ച്.മുഹമ്മദ് കോയയുടെയും ജന്മസ്ഥലം കൂടി പ്രസ്തുത സർക്യൂട്ടിൽ ഉൾപ്പെടുത്തണമെന്ന് സമിതി അംഗം നിർദ്ദേശിച്ചപ്പോൾ പ്രസ്തുത നിർദ്ദേശം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ആലോചിക്കാവുന്നതാണെന്ന് സമിതി ചെയർമാൻ അറിയിച്ചു.

അഷ്ടമുടികായലിൽ ആരംഭിച്ച് അച്ചൻകോവിലിൽ അവസാനിക്കുന്ന പദ്ധതിയായ ബയോ ഡൈവേഴ്സിറ്റി സർക്യൂട്ടിൽ ചേർക്കാൻ വിട്ടു പോയ കേരളത്തിലെ ഏറ്റവും വലിയ ജൈവവൈവിധ്യ സാന്നിദ്ധ്യമുള്ള കുളത്തൂപ്പുഴ പഞ്ചായത്തിലെ ചെന്തുരുണി വന്യജീവി സങ്കേതം, കാപ്പുകാട് ആന വളർത്തൽ കേന്ദ്രം തുടങ്ങിയവ സമിതി വിനോദസഞ്ചാര വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പ്രസ്തുത സ്ഥലങ്ങൾ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതാണെന്ന് വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മലബാർ റിവർ ക്രൂയിസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള നദികളുടെ കൂട്ടത്തിൽ ഉത്തപ്പുഴയെ കൂടി ഉൾപ്പെടുത്തുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന്, വടക്കൻ മലബാറിന്റെ വിനോദ സഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ 7 നദികളെ ബന്ധപ്പെടുത്തിയുള്ള ടി പദ്ധതിയിൽ നദികളുടെ നവീകരണം ഉൾപ്പെടുന്നില്ലെന്നും, നിലവിൽ ഈ മേഖലയിൽ സഞ്ചാരികൾ വരുന്നത് കുറഞ്ഞു വരുന്ന സാഹചര്യത്തിൽ നിലവിലുള്ള ബോട്ട് ജെട്ടികളും ടെർമിനലുകളും നവീകരിച്ചുകൊണ്ട് ബോട്ടിംഗും ക്രൂസും ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ഈ പദ്ധതിക്കായി 53 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചുവെന്നും, ഇതിലൂടെ 17 പുതിയ ബോട്ട് ജെട്ടികൾ നിർമ്മിച്ചുവരുന്നുണ്ടെന്നും, കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ 80 കോടി രൂപയുടെ ഒരു പ്രോജക്ടും നടപ്പിലാക്കുന്നുണ്ടെന്നും, ഇതിലൂടെ 23 ബോട്ട് ജെട്ടികളും, ഫുഡ്കോർട്ടുകൾ, ടോയ്‌ലറ്റുകൾ തുടങ്ങി മറ്റ് സൗകര്യങ്ങളും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ശിവഗിരി പ്രോജക്ടിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 65 കോടി രൂപയുടെ കേന്ദ്ര ഗവൺമെന്റ് പ്രോജക്ടായ ശിവഗിരി പ്രോജക്ടിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും പ്രസ്തുത പദ്ധതിക്ക് അനുവാദം ലഭിക്കാത്തതിനെത്തുടർന്ന് ഐ.റ്റി.ഡി.സി. (India Tourism Development Corporation)-യെ ചുമതലപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും, അത് അപ്രൂവ് ചെയ്ത് പ്രസ്തുത പ്രോജക്ട് നടപ്പാക്കുവാൻ ഐ.റ്റി.ഡി.സി.-യെത്തന്നെ ചുമതലപ്പെടുത്തുകയും ചെയ്തുവെന്നും ആദ്യ ഘട്ടത്തിലെ ടെണ്ടർ നടപടികൾ നടന്നുവരുന്നുവെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ടൂറിസം വകുപ്പ് സംസ്ഥാനത്തുടനീളവും പുറത്തുള്ള പ്രധാന പട്ടണങ്ങളിലും അതിഥി മന്ദിരങ്ങൾ, യാത്രിനിവാസുകൾ എന്നിവ നിർമ്മിക്കുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തു വരുന്നു. നിലവിൽ വിവിധ ഇടങ്ങളിൽ അതിഥി മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അവയുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

PWD റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന്മേൽ, നിലവിലുള്ള 154 PWD റസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, കണ്ണൂർ വിമാനത്താവളത്തിനു സമീപമുള്ള പഴശ്ശി ടൂറിസം കേന്ദ്രത്തിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ പരിശോധിക്കുന്നതാണെന്നും പൊതുമരാമത്തു വിനോദസഞ്ചാര വകുപ്പ് മന്ത്രി ഉറപ്പു നൽകി.

നിലവിൽ 24 ഗസറ്റ്ഹൗസുകളും 4 യാത്രീനിവാസുകളും മുംബൈയിലും കന്യാകുമാരിയിലുമായി രണ്ട് കേരളഹൗസുകളുമാണ് പ്രവർത്തിക്കുന്നതെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആൻഡമാൻ നിക്കോബാറിലും ഹൈദരാബാദിലും ഓരോ കേരളഹൗസ് വീതം പ്രവർത്തനം തുടങ്ങണമെന്ന ദീർഘകാലമായുള്ള ആവശ്യം സമിതി ഉന്നയിച്ചപ്പോൾ, ഹൈദരാബാദിൽ ഒരു മലയാളി സംഘടനയുടെ കൈവശം കേരളഹൗസിനാവശ്യമായ സ്ഥലം ലഭ്യമാണെന്നും, ചെന്നൈയിൽ ഗവൺമെന്റ് ഒരു കെട്ടിടം നിർമ്മിച്ച് കെ.ടി.ഡി.സി.-യെ ഏൽപ്പിച്ചിരിക്കുകയാണെന്നും അതിൽ 10 മുറികൾ മാത്രമാണ് ഗസ്റ്റ്ഹൗസായി പ്രവർത്തിക്കുന്നതെന്നും, ബാക്കി റൂമുകൾ കെ.ടി.ഡി.സി.-ക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്നും വിനോദസഞ്ചാരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നല്കി.

ഇന്ത്യയിലെ ആദ്യത്തെ പ്ലാൻഡ് ഇക്കോടൂറിസം പ്രോജക്ടാണ് തെന്മല ഇക്കോടൂറിസം പ്രോജക്ടെന്നും എന്നാൽ വിനോദസഞ്ചാരികൾക്ക് താമസസൗകര്യത്തിനായി ഗവൺമെന്റിന്റെ കീഴിലുള്ള യാതൊരു സംവിധാനവും നിലവിലില്ലെന്നും സമിതി നിരീക്ഷിച്ചു. തെന്മല പ്രോജക്ടിന്റെ വികസനത്തിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്നും വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

3452-80-104-98—<u>ടൂറിസം - വിപണനവും പ്രോത്സാഹനവും</u>

34-3—<u>മറ്റു ചെലവുകൾ -മറ്റിനം</u>

കേരളം, വിനോദസഞ്ചാര രംഗത്ത് നിരവധി വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. 2018- ലെ പ്രളയം, 2019-ലെ നിപ്പ വൈറസിന്റെ ആക്രമണം, 2020-ൽ ആരംഭിച്ച് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന കോവിഡ് 19 മഹാമാരി എന്നിവ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടി ഉണ്ടാക്കിയതിനാൽ ഇത് മറികടക്കുവാൻ വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന ശക്തവും നൂതനവുമായ പ്രചരണ പരിപാടികൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3452-80-800-90—<u>വിനോദസഞ്ചാര വകുപ്പിന്റെ മറ്റു പദ്ധതികൾ</u>

(26)—<u>സ്വകാര്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം</u>

33—<u>സബ്സിഡികൾ</u>

ടൂറിസം മേഖലയിലെ തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന Tourism Employment Support Scheme എന്ന വായ്പാ പദ്ധതിയുടെ സബ്സിഡി പലിശ, ഇലക്ട്രിസിറ്റി/സബ്സിഡി, മൂലധന സബ്സിഡി എന്നിവ നൽകുന്നതിന് നടപ്പുവർഷം 25 കോടി രൂപ അധികമായി ആവശ്യമുണ്ട്. കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ടൂറിസം മേഖലയിലെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കുന്നതിനായി 30 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അധികമായി 55 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-800-34—ഉത്തരവാദിത്തത്തോടെയുള്ള വിനോദസഞ്ചാരം

സർക്കാരിന്റെ ടൂറിസം നയമായ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലൂടെ ടൂറിസം മേഖലയുടെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ നടപ്പുവർഷത്തെ പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ 12 കോടി രൂപ തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ആർ.ടി. മിഷൻ പദ്ധതികൾ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതികളായി നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെക്കുറിച്ച് സമിതി ആരാഞ്ഞതിന്മേൽ, നിലവിൽ അങ്ങനെതന്നെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതെന്നും സാധാരണക്കാരുൾപ്പെടെ എല്ലാ തൽപ്പരകക്ഷികളുടെയും പങ്കാളിത്തത്തോടെ വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും അവ നടപ്പിലാക്കുകയും അതോടൊപ്പം പ്രസ്തുത മേഖലയിലെ സാമ്പത്തിക സാമൂഹിക പരിസ്ഥിതി സംബന്ധമായ വസ്തുതകൾ കൂടി കണക്കിലെടുത്ത് തദ്ദേശവാസികൾക്ക് എല്ലാ തൊഴിൽ പരിശീലനങ്ങളും നൽകി ആർ.ടി. യൂണിറ്റുകൾ തയ്യാറാക്കാൻ പ്രാപ്തരാക്കി അവരെ ലോക്കൽ റിസോർട്ടുകളുമായി ബന്ധിപ്പിച്ച് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്ന സംവിധാനമാണ് നടപ്പിലാക്കിയിരിക്കുന്നതെന്നും അതുപോലെ റിസോർട്ടുകളിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് ആർട്ടിസ്റ്റുകളുടെ ഡയറക്ടറിയും തയ്യാറാക്കിയിട്ടുണ്ടെന്നും ഇതിലൂടെ ആർട്ടിസ്റ്റുകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നുണ്ടെന്നും അതോടൊപ്പം പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വേമ്പനാട് കായൽ വൃത്തിയാക്കുന്ന പ്രോജക്ട് ചെയ്തുവെന്നും കുമരകത്തെ സിംഗിൾ യൂസ് പ്ലാസ്റ്റിക്കില്ലാത്ത കേന്ദ്രമാക്കി മാറ്റിയെന്നും ഇത്തരത്തിലുള്ള നിരവധി പ്രവർത്തനങ്ങളാണ് ആർ.ടി.മിഷന്റെ കീഴിൽ നടന്നുവരുന്നതെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

3452-80-800-78—<u>കിറ്റ്സ്, എഫ്.സി.ഐ, എസ്.ഐ.എച്ച്.എം. എന്നീ സ്ഥാപനങ്ങളിലൂടെ ടൂറിസത്തിന് വേണ്ടിയുള്ള മാനുഷിക വിഭവശേഷി വികസനം</u>

(02)—<u>സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.)</u>

കോട്ടയം പാലായിൽ പണി നടന്നുകൊണ്ടിരിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെ അക്കാദമിക് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്നതിനും കോഴിക്കോടുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനും, ധർമ്മടത്ത് ആരംഭിക്കുന്ന പുതിയ ഹോട്ടൽ മാനേജ്മെന്റ് ഹോട്ടലിനുമായി നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5452-01-800-84—<u>മുസിരീസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി</u>

ആലപ്പുഴ, തലശ്ശേരി, മുസിരീസ്, ട്രാവൻകൂർ എന്നീ പൈതൃക പദ്ധതികൾക്കായി നടപ്പുവർഷം വകയരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 68 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-800-20—<u>ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം</u>

വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ്വ് പകർന്ന നൂതന സംരംഭമായ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളുടെ സമ്മാന തുക, മത്സരങ്ങളുടെ സംപ്രേഷണം, സ്പോൺസർഷിപ്പുകൾ, പശ്ചാത്തലം ഒരുക്കൽ എന്നിവയ്ക്കായി വരും വർഷങ്ങളിൽ വൻചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൂടാതെ വിവിധ നോൺ പ്ലാൻ ശീർഷകങ്ങളായ ടൂറിസ്റ്റ് ഗതാഗത സേവനം മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപയും ഭരണവും നടത്തിപ്പും-വേതനത്തിനായി 80 ലക്ഷം രൂപയും ഭരണം-യാത്രാചെലവുകൾ-യാത്രാബത്തയ്ക്കായി 1.85 ലക്ഷം രൂപയും ഭരണവും നടത്തിപ്പും-ഭരണം വാടക, കരം, നികുതിയ്ക്കായി 5.29 ലക്ഷം രൂപയും ജില്ലാ ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവുകൾക്കായി 50,000 രൂപയും ജില്ലാ ഓഫീസുകൾ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾക്കായി 50,000 രൂപയും ജില്ലാ ഓഫീസുകൾ-വാടക, കരം, നികുതിയ്ക്കായി 2.39 ലക്ഷം രൂപയും ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും-യാത്രാചെലവുകൾ-യാത്രാബത്തയ്ക്കായി 1.85 ലക്ഷം രൂപയും ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾക്കായി 25.4 ലക്ഷം രൂപയും ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും- വാടക, കരം, നികുതിയ്ക്കായി 3.38 കോടി രൂപയും ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും-മറ്റ് ചെലവുകൾ-മറ്റിനത്തിനായി 20.2 ലക്ഷം രൂപയും വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ 2 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന്, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1492/സബ്.സി.എഫ്1/2020/നി.സെ.)

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3.15-ന് പിരിഞ്ഞു.

## 2021 ജൂൺ 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2021 ജൂൺ 21-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 4.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പ് മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും ചുവടെ ചേർക്കുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. എം. മുകേഷ്, എം.എൽ.എ.
4. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

<u>ഗൂഗിൾമീറ്റ് വഴി പങ്കെടുത്ത അംഗങ്ങൾ</u> :

1. ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.
2. ശ്രീ. എ. രാജ, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.
4. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വേണുഗോപാൽ ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
2. ശ്രീ. രാജേഷ് കെ. സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്

3. ശ്രീ. സുരേഷ് കുമാർ കെ., അഡീഷണൽ സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
4. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്
7. ശ്രീ. നോയൽ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്എം), ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
8. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി&ഡി), ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്സ് ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
10. ശ്രീ. ഇ. പ്രദീപ്കുമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്.എഫ്), ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
11. ശ്രീമതി ശ്രീകല എസ്., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
12. ശ്രീമതി റെനി ആർ. പിള്ള, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
13. ശ്രീമതി ഷർമിള, ജോയിന്റ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
14. ശ്രീ. ജയകുമാർ ആർ., ഡെപ്യൂട്ടി സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
15. ശ്രീമതി മിനി വി., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ്
16. ശ്രീമതി ബിന്ദു രാധാകൃഷ്ണൻ, സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
17. ശ്രീ. ബിമൽ ലാൽ റ്റി. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

18. ഡോ. ജൂഡ് ഇമ്മാനുവേൽ, എൻവയോൺമെന്റൽ സയന്റിസ്റ്റ്, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച്, തിരുവനന്തപുരം

19. ശ്രീമതി ഉഷാറാണി എൽ. എസ്., ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച്, തിരുവനന്തപുരം.

സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി XXXIV– വനം-വന്യജീവി വകുപ്പിന്റെയും, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെയും ധനാഭ്യർത്ഥനകളുടെ വിവിധ ഹെഡ്ഡുകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

കൂടാതെ, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പരിസ്ഥിതി, വനം-വന്യജീവി എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിലെ വനം വകുപ്പിന്റെ ആകെ പദ്ധതി വിഹിതം 269.5 കോടി രൂപയായിരുന്നുവെന്നും അതിൽ 192 കോടി സംസ്ഥാന വിഹിതവും 24.8 കോടി കേന്ദ്ര പദ്ധതിക്കുള്ള സംസ്ഥാന വിഹിതവും 52.70 കോടി കേന്ദ്ര സഹായവുമായിരുന്നു. ഇതിൽ സെൻട്രൽ സ്പോൺസേർഡ് സ്കീമായി മൊത്തം 77.5 കോടി രൂപയുണ്ടായിരുന്നു. എന്നാൽ ഈ വർഷം സംസ്ഥാന പദ്ധതി വിഹിതം 166.3 കോടി രൂപ മാത്രമാണെന്നും 26 കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളതെന്നും 248 കോടി രൂപയാണ് കഴിഞ്ഞ വർഷം ചെലവായതെന്നും കഴിഞ്ഞ നാലഞ്ച് വർഷമായി പദ്ധതി വിഹിതത്തിൽ അലോട്ട്മെന്റ് കുറഞ്ഞുവരികയാണെന്നും, ഈ വിഷയം പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുവെങ്കിലും, ഇപ്പോഴും അഞ്ച് പ്രധാന ബഡ്ജറ്റ് ഹെഡ്ഡുകളിൽ അലോട്ട്മെന്റ് വളരെ കുറഞ്ഞതായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ചൂണ്ടിക്കാട്ടി.

തുടർന്ന് അധിക തുക ആവശ്യപ്പെട്ടിട്ടുള്ള ഓരോ ഹെഡ്ഡും വിശദമായി പരിശോധിച്ചു.

2406-01-101-81—വനസംരക്ഷണം

വനസംരക്ഷണത്തിനായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന 25 കോടി രൂപ കാട്ടുതീ സംരക്ഷണ പ്രവർത്തികൾക്കും മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾക്കും അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4406-01-101-99—<u>വനസംരക്ഷണം</u>

(വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) (01) വന സംരക്ഷണം

വനാതിർത്തികളുടെ സർവ്വേക്കും വന സംരക്ഷണത്തിനുമായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പ്രസ്തുത പ്രവർത്തികൾക്ക് അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4406-01-070-99—<u>റോഡുകൾ (പ്ലാൻ)</u>

റോഡുകൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പ്രളയക്കെടുതിയിൽ തകർന്ന ഫോറസ്റ്റ് റോഡുകളുടെ പുനരുദ്ധാരണത്തിന് തികച്ചും അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ ആദിവാസി കോളനികളിലെ നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥയെക്കുറിച്ച് മനസ്സിലാക്കിയ സമിതി, ആദിവാസി കോളനികളിലെ റോഡുകൾ പര്യാപ്തമായ രീതിയിൽ വീതി കൂട്ടുന്നതിനും കോൺക്രീറ്റ്/ടാർ ചെയ്യുന്നതിനുമുള്ള നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4406-01-070-97—<u>കെട്ടിടങ്ങൾ</u>

'കെട്ടിടങ്ങൾ' എന്ന പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പ്രളയക്കെടുതിയിൽ തകർന്ന ഫോറസ്റ്റ് കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും വാളയാർ ഫോറസ്റ്റ് ട്രെയിനിംഗ് സെന്ററിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനും വനം വകുപ്പ് ആസ്ഥാനത്തെ സെൻട്രൽ ലൈബ്രറി ആധുനികവൽക്കരണത്തിനും സോഷ്യൽ ഫോറസ്ട്രി മലപ്പുറം ഓഫീസിന് പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിനും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2406-02-110-68—<u>ജൈവവൈവിധ്യ സംരക്ഷണം</u>

ജൈവവൈവിധ്യ സംരക്ഷണത്തിനായി വകയിരുത്തിയിരിക്കുന്ന പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം പ്രൊപ്പോസ് ചെയ്തിട്ടുള്ള മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നതിനും 2020-21 സാമ്പത്തിക വർഷത്തെ കുടിശ്ശിക അനുവദിക്കുന്നതിനും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2406-01-004-92—വിഭവ ആസൂത്രണവും ഗവേഷണവും

പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം 1.5 കോടി രൂപയാണ്. ശാസ്ത്രീയമായ വന പരിപാലനം, ഫീൽഡ് സർവ്വേ തുടങ്ങി നിരവധി പ്രവർത്തികൾ ലക്ഷ്യമിടുന്ന നടപ്പുവർഷത്തേയ്ക്ക് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-800-55—എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, അഗ്രോ ഫോറസ്ട്രി

(01)—വന വിപുലീകരണം

സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പദ്ധതികളുടെ തുടർ നടത്തിപ്പിനും പൂർത്തീകരണത്തിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2406-01-800-56—മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

സംസ്ഥാനത്ത് ഭയാനകമായ രീതിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന് വഴിവയ്ക്കുന്ന അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും ലഘൂകരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ നടപടികൾ വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്. വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മസേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുക, ഭൂവിനിയോഗത്തെ സംബന്ധിച്ചും അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക, പൊതുജന സഹായത്തോടുകൂടിയ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തികച്ചും പ്രാധാന്യമർഹിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം

പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം 5 കോടി രൂപയാണ്. പുത്തൂർ സുവോളജിക്കൽ പാർക്കിലെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ഒന്നാം ഘട്ടത്തിൽ പണി തീർത്ത നാല് എൻക്ലോഷറുകളുടെ അവസാന ബിൽ തുക ഒടുക്കുന്നതിനുമായി

നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൂടാതെ, വിവിധ നോൺ പ്ലാൻ ശീർഷകങ്ങളായ ജില്ലാ ആഫീസുകളുടെ സ്ഥലംമാറ്റ ബത്തയ്ക്കായി 30 ലക്ഷം രൂപയും വാടക, കരം, നികുതിയ്ക്കായി 20 ലക്ഷം രൂപയും മറ്റിനങ്ങൾക്കായി 10 ലക്ഷം രൂപയും പരിസ്ഥിതി വികസനം (ലോക ബാങ്ക് സഹായമുള്ള സാമൂഹ്യ വനവൽക്കരണം), യാത്രാബത്ത/സ്ഥലംമാറ്റ ബത്തയ്ക്കായി 3 ലക്ഷം രൂപയും വന്യമൃഗസംരക്ഷണ വിഭാഗത്തിന്റെ യാത്രാബത്ത/സ്ഥലംമാറ്റ ബത്തയ്ക്കായി 3 ലക്ഷം രൂപയും സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിനായി 7.5 കോടി രൂപയും കന്നുകാലികൾക്കായി 3.5 കോടി രൂപയും വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസത്തിനായി 5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

തുടർന്ന്, വനം വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങളിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയുണ്ടായി. പെരുമ്പാവൂരിലെ വനത്തിൽ വച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യമരങ്ങളുടെ പൂവ് മനുഷ്യരിൽ അലർജിക്ക് കാരണമാകുകയും, മരം ഭൂമിയിലെ വെള്ളം മുഴുവൻ വലിച്ചെടുത്ത് ജലക്ഷാമം സൃഷ്ടിക്കുകയും ചെയ്യുന്നതിനാൽ പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അഞ്ചു വർഷം മുമ്പ് തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ മുറിച്ചുമാറ്റൽ പ്രക്രിയ ആരംഭിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. മനുഷ്യനും പ്രകൃതിക്കും ഹാനികരമായ പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റി ഹാനികരമല്ലാത്ത മറ്റേതെങ്കിലും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്ത് ഏകദേശം ഇരുപതിനായിരം ഹെക്ടർ പ്രദേശത്താണ് അക്കേഷ്യ, യൂക്കാലി, മാഞ്ചിയം തോട്ടങ്ങളുള്ളതെന്നും ഇത്തരം മരങ്ങൾ പുതിയതായി വച്ചുപിടിപ്പിക്കേണ്ടതില്ലെന്ന് 2018-ലെ ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള മരങ്ങൾ മൂപ്പെത്തുന്ന മുറയ്ക്ക് മുറിച്ചു മാറ്റുവാനും സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതു സംബന്ധിച്ച ഔപചാരികമായ തീരുമാനം മന്ത്രിയുടെ പരിഗണനയിലാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മുറിച്ചുമാറ്റിയ അക്കേഷ്യ മരങ്ങളുടെ എണ്ണം സമിതി ആരാഞ്ഞതിന്, പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി അലോട്ട് ചെയ്തിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കാത്തതിനാൽ അലോട്ട്മെന്റ് നടക്കുന്നില്ലെന്നും എന്നാൽ ഘട്ടം ഘട്ടമായി മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നുണ്ടെന്നും ഇത്തരത്തിലുള്ള മരങ്ങൾ വൻതോതിൽ മുറിച്ചുമാറ്റുന്നതിനുള്ള പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത പ്രവർത്തി ഉടൻ തന്നെ ആരംഭിക്കുമെന്ന് ചെയർമാൻ വ്യക്തമാക്കി.

ഈറ്റ തൊഴിലാളികൾക്ക് ആവശ്യത്തിന് ഈറ്റ ലഭ്യമാകുന്നില്ലെന്ന പരാതിയുടെ നിജസ്ഥിതി സമിതി ആരാഞ്ഞതിന്, വനത്തിൽ നിന്ന് ഈറ്റ നൽകുന്നത് രണ്ട് രീതിയിലാണെന്നും ബാംബൂ കോർപ്പറേഷന് വർഷാവർഷം ഒഫീഷ്യൽ അലോട്ട്മെന്റ് നൽകുകയും, ഈറ്റയിൽ പുതിയ മുള പൊട്ടുന്ന ജൂൺ-ജൂലൈ മാസങ്ങളുൾപ്പെടെയുള്ള മൂന്ന് മാസത്തെ ക്ലോഷർ പീരീഡിൽ അവർക്ക് പ്രവർത്തിക്കാൻ സർക്കാർ തലത്തിൽ അനുവാദം നൽകുകയും അതോടൊപ്പം വനത്തിൽ നിന്ന് തലച്ചുമടായി ഈറ്റ കൊണ്ടുവരുന്നതിന് പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് അതത് സമയങ്ങളിൽ പാസ് കൊടുക്കുകയുമാണ് ചെയ്യുന്നതെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി. ഇക്കാര്യത്തിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരമ്പരാഗത ഈറ്റ തൊഴിലാളികൾ ഇപ്പോൾ ഒരുമിച്ച് ഒരു സെന്ററിലിരുന്ന് ജോലി ചെയ്യുന്നതുമൂലം സെന്ററിന്റെ സ്ഥല പരിമിതിയും ചൂടും കാരണം അവർ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും ഇതിനൊരു പരിഹാരം ഉണ്ടാകണമെന്നും മുൻപ്, ഈറ്റ വീട്ടിൽ കൊണ്ടുപോയി ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയായിരുന്നുവെന്നും അങ്ങനെ യാകുമ്പോൾ കുടുംബകാര്യങ്ങൾ നോക്കുന്നതിനൊപ്പം തൊഴിലും ചെയ്യാൻ സാധിച്ചിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

ബാംബൂ കോർപ്പറേഷനാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വന നിയമത്തിലെ സാങ്കേതികത്വം കാരണം ഡാമിനുള്ളിലെ ചെളിയും മണലും നീക്കം ചെയ്യാൻ സാധിക്കുന്നില്ല എന്ന വിഷയത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന്, വനത്തിനുള്ളിൽ നിർമ്മിച്ചിരിക്കുന്ന ഭൂരിഭാഗം ഡാമുകളുടെയും ക്യാച്ച്മെന്റ് ഏരിയ റിസർവ് വനത്തിന്റെ സ്റ്റാറ്റസിനുള്ളിലാണുള്ളതെന്നും ചിലത് വന്യജീവി സങ്കേതത്തിനുള്ളിലാണെന്നും ഇടുക്കി ഡാമിന്റെ water spread മുഴുവനും ഇടുക്കി വന്യജീവി സങ്കേതത്തിന്റെ ഭാഗമാണെന്നും അതുപോലെ പേപ്പാറ, നെയ്യാർ തുടങ്ങിയ ഡാമുകളും വനത്തിനുള്ളിലാണ് സ്ഥിതി ചെയ്യുന്നതെന്നും വനം വകുപ്പുദ്യോഗസ്ഥൻ മറുപടി നൽകി.

ഡാമിനുള്ളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതു സംബന്ധിച്ച പ്രസക്തമായ ഈ വിഷയം പ്രത്യേകം പരിഗണിക്കാമെന്ന് ബഹു. ചെയർമാൻ വ്യക്തമാക്കി.

വനത്തിനുള്ളിൽ ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നതുപോലെ പ്ലാവുകളും മറ്റു ഫല വൃക്ഷങ്ങളും വച്ചു പിടിപ്പിച്ചാൽ ആനകൾ നാട്ടിലിറങ്ങി ശല്യം ഉണ്ടാക്കുന്നത് കുറയ്ക്കാൻ സാധിക്കുമെന്ന ബഹു. അംഗത്തിന്റെ നിർദ്ദേശത്തിന്മേൽ ഔഷധ സസ്യങ്ങൾ

നട്ടുവളർത്തുക എന്നത് ഒരു പ്രത്യേക പദ്ധതിയാണെന്നും എന്നാൽ മരങ്ങൾ മുറിച്ചുമാറ്റുന്ന സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം എന്നതാണ് സർക്കാരിന്റെ തീരുമാനമെന്നും സമിതി ചെയർമാൻ വിശദീകരിച്ചു.

അമ്പൂരി പഞ്ചായത്തിലെ പൂരവിമല വരെ വന്നുചേരുന്ന റോഡിന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത റോഡിന് ക്ലിയറൻസ് ലഭിച്ചതാണെന്ന് ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

പട്ടികവർഗ്ഗ വകുപ്പ് ആവശ്യമായ പണം അനുവദിച്ചിട്ടും ആദിവാസി ഊരുകളിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നില്ലെന്ന വിഷയത്തിന്മേൽ, നിലവിലുള്ള റോഡിന്റെ വീതി കൂട്ടാതെ കൂടുതൽ നന്നാക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്തു നിന്നും തടസ്സങ്ങളൊന്നുമില്ലെന്നും അതത് ഡിവിഷൻ തലത്തിൽ തന്നെ അതിന് അനുമതി നൽകാറുണ്ടെന്നും വന സംരക്ഷണ നിയമത്തിനു വിധേയമായി മാത്രമേ നിലവിലുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കുന്ന പ്രവർത്തി നടത്തുവാൻ കഴിയുകയുള്ളൂവെന്നും സംസ്ഥാന സർക്കാരിന് ഒരു ഹെക്ടർ വരെ ദൂരം അനുവദിക്കാവുന്നതാണെന്നും അതിൽ കൂടുതലാണെങ്കിൽ കേന്ദ്രത്തിന്റെ അനുമതി ആവശ്യമാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

14 ഊരുകൾ ഉൾപ്പെടുന്ന ആദിവാസി പ്രദേശത്ത് നിർമ്മിച്ച റോഡ് ടാർ/ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുവാദം ലഭിക്കുന്നില്ല എന്ന് സമിതി ചൂണ്ടിക്കാട്ടുകയും പ്രസ്തുത വിഷയത്തിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഏഷ്യയിലെ രണ്ടാമത്തെ സഫാരി പാർക്കായ നെയ്യാർഡാമിലെ സഫാരി പാർക്കിന്റെ ശോച്യാവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന് സഫാരി പാർക്കിൽ ഉണ്ടായിരുന്ന രണ്ട് സിംഹങ്ങളും പ്രായാധിക്യത്തിൽ മരണപ്പെട്ടുവെന്നും മൃഗശാല അതോറിറ്റിയുടെ അനുമതിയോടെ ഗുജറാത്തിൽ നിന്നും രണ്ട് സിംഹങ്ങളെ മൂന്ന് വർഷം മുമ്പ് എത്തിച്ചുവെങ്കിലും ഒരെണ്ണം ക്വാറന്റയിൻ കാലയളവിലും മറ്റൊന്ന് കഴിഞ്ഞ ദിവസങ്ങളിലുമായി മരണപ്പെട്ടുവെന്നും മൃഗശാലകൾക്ക് പ്രവർത്തനാനുമതി നൽകുന്നത് ദേശീയ മൃഗശാല അതോറിറ്റിയാണെന്നും ദേശീയ മൃഗശാല അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം 25 ഏക്കർ വിസ്തൃതിയാണ് സഫാരി മൃഗശാലയ്ക്ക് വേണ്ടതെന്നും എന്നാൽ നെയ്യാർ സഫാരി പാർക്കിന്റെ വിസ്തൃതി 10 ഏക്കർ മാത്രമാണെന്നും ആയതിനാൽ നിയമവിരുദ്ധമായാണ് പ്രസ്തുത പാർക്ക് പ്രവർത്തിക്കുന്നതെന്നും അടച്ചുപൂട്ടണമെന്ന നിർദ്ദേശമാണ് അധികൃതരിൽ നിന്നും ലഭിക്കുന്നതെന്നും പല മാർഗ്ഗങ്ങളിലൂടെ ഒത്തുതീർപ്പിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും പുതിയ സിംഹങ്ങളെ എത്തിക്കുന്നതിനായി ഗുജറാത്ത് സർക്കാറുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

നിലവിൽ രണ്ട് ചീങ്കണ്ണികൾ മാത്രമാണ് അവിടെയുള്ളതെന്നും മാൻ പാർക്കിലെ അഞ്ച് മാനുകൾ രോഗംമൂലം മരണപ്പെട്ടുവെന്നും പോസ്റ്റുമോർട്ടം നടത്തിയെങ്കിലും മരണകാരണം അവ്യക്തമാണെന്നും പരിശോധനയ്ക്കായി സാമ്പിൾ പാലോട് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാലക്കാട്, വയനാട് മേഖലകളിൽ കാട്ടാനകൾ നാട്ടിലിറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി പെരുമ്പാവൂർ മണ്ഡലത്തിൽ നിന്നും മണികണ്ഠൻ എന്ന കുങ്കിയാനയെ മൂന്നുവർഷം മുമ്പ് കൊണ്ടുപൊയെങ്കിലും നാളിതുവരെ പ്രസ്തുത ആനയെക്കുറിച്ച് യാതൊരു വിവരവും ഇല്ലെന്ന് സമിതി അംഗം ആരോപിച്ചു.

സമിതി അംഗത്തിന് എത്രയും വേഗം ആനയെക്കുറിച്ചുള്ള വിവരം ലഭ്യമാക്കണമെന്ന് വനം വകുപ്പിനോട് ബഹു. ചെയർമാൻ നിർദ്ദേശിച്ചു.

വനം വകുപ്പിന് കീഴിലുള്ള 60 ഇക്കോട്ടൂറിസം സെന്ററുകളിൽ ഏറ്റവും വരുമാനമുള്ളത് അതിരപ്പിള്ളിയാണെന്നും സന്ദർശകർ കൂടുതൽ എത്തുന്നത് തേക്കടി പെരിയാർ ടൈഗർ റിസർവിലാണെന്നും രണ്ടാമതായി ഇരവികുളം നാഷണൽ പാർക്കിൽ വരയാടുകളെ സന്ദർശിക്കുന്നതിനാണെന്നും കോവിഡിന് മുമ്പ് പെരിയാർ ടൈഗർ റിസർവിൽ പ്രതിവർഷം 6½ ലക്ഷത്തോളവും ഇരവികുളത്ത് 6 ലക്ഷത്തിനടുത്തും സന്ദർശകർ എത്താറുണ്ടായിരുന്നുവെന്നും ഇക്കോ ടൂറിസം സെന്ററുകളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

സഭാസമ്മേളനത്തിനുശേഷം കോവിഡ് രോഗവ്യാപനത്തിന്റെ സ്ഥിതി വിലയിരുത്തി പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതോടൊപ്പം അവയെ സംരക്ഷിക്കുന്നതിനും പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയ സമിതി, ഗ്രാമപഞ്ചായത്തുകളുമായി ആലോചിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൈകളുടെ സംരക്ഷണം ഉറപ്പാക്കണമെന്നും അതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്നും പ്രസ്തുത പദ്ധതിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുവാൻ വനം വകുപ്പിനോട് ചെയർമാൻ നിർദ്ദേശിച്ചു.

മനുഷ്യർക്കും കന്നുകാലികൾക്കും വന്യ മൃഗങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന ആക്രമണങ്ങളെക്കുറിച്ച് ആശങ്കപ്പെട്ട സമിതി വനമേഖലകളിലെ ജനവാസകേന്ദ്രങ്ങളിലിറങ്ങി വന്യമൃഗങ്ങൾ സൃഷ്ടിക്കുന്ന ആഘാതം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 22 കോടി രൂപ തികച്ചും അപര്യാപ്തമാണെന്നും ഒരു പ്രദേശത്തെ ആവശ്യത്തിനുപോലും പ്രസ്തുത തുക

തികയില്ലെന്നും ആയതിനാൽ വളരെ പ്രധാനപ്പെട്ട ഈ പ്രശ്നത്തിൽ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനായി വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണെന്നും തീരദേശ മേഖലയിൽ നടപ്പാക്കിയതുപോലെ മലയോര മേഖലയെ സംരക്ഷിക്കുന്നതിനായി കിഫ്ബി മുഖേന പ്രത്യേക പദ്ധതി തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം, വന്യമൃഗങ്ങളിൽ നിന്നും മലയോര/വന മേഖലകളിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും അവ നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന സാമ്പത്തിക ചെലവ് ഉൾപ്പെടെ ശാസ്ത്രീയമായി അപഗ്രഥിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണമെന്നും ടി മാസ്റ്റർ പ്ലാൻ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXIV-ലെ ചെലവിനങ്ങളിൽ ഉൾപ്പെട്ട കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നടപ്പുസാമ്പത്തിക വർഷത്തിലെ ശമ്പളം, ശമ്പളേതരം ചെലവുകൾക്കായി പദ്ധതിയേതരം വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, സഹായധനം - ശമ്പളം, സഹായധനം - ശമ്പളേതരം എന്നീ ശീർഷകങ്ങളിൽ യഥാക്രമം 1.6861 കോടി രൂപ, 38.2 ലക്ഷം രൂപ എന്നിവ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന് കീഴിലുള്ള ധനാഭ്യർത്ഥനകളിൽ വിവിധ ശീർഷകങ്ങളിലായി 11 കോടി 5 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക നടപ്പുവർഷത്തേയ്ക്ക് പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

തുടർന്ന്, പരിസ്ഥിതി വകുപ്പിന് കീഴിൽ വരുന്ന ചില പ്രധാന വിഷയങ്ങളെക്കുറിച്ച് അദ്ദേഹം സമിതി മുമ്പാകെ വിശദീകരിച്ചു. പ്രധാനമായും ചില റഗുലേറ്ററി കാര്യങ്ങളാണ് പരിസ്ഥിതി വകുപ്പിന് കീഴിൽ വരുന്നതെന്നും പരിസ്ഥിതി വകുപ്പല്ല ചില അതോറിറ്റികളാണ് ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും കേന്ദ്ര നിയമങ്ങളുടെയും ചട്ടങ്ങളുടെയും കീഴിലുള്ള കോസ്റ്റൽ റഗുലേഷൻ സോൺ, പരിസ്ഥിതി ആഘാതം എന്നിവ സംബന്ധിച്ച ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നത് വകുപ്പിനു കീഴിലാണെന്നും ഓരോ സംസ്ഥാനവും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട "സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് " എന്ന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളും പഠനങ്ങളും തണ്ണീർത്തട അതോറിറ്റിയുടെ പ്രവർത്തനങ്ങളും വകുപ്പിനുകീഴിൽ വരുന്ന വിഷയങ്ങളാണെന്നും അദ്ദേഹം സമിതിയെ ധരിപ്പിച്ചു.

സ്റ്റേറ്റ് ആക്ഷൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിൽ ദീർഘകാല പദ്ധതികളാണോ നടപ്പിലാക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, ദീർഘകാല പദ്ധതിയാണിതെന്നും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ 2014-ലാണ് ഇത് ആദ്യമായി തയ്യാറാക്കിയതെന്നും എന്നാൽ ചില ന്യൂനതകൾ കാരണം അത് ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കുവാൻ സാധിച്ചില്ലെന്നും ഇപ്പോൾ അതിന്റെ റിവിഷൻ ആരംഭിച്ചിട്ടുണ്ടെന്നും ഇപ്രാവശ്യം നടപ്പിലാക്കാൻ സാധിക്കുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി കൺസൾട്ടൻസിനെ വച്ച് മറ്റ് സംസ്ഥാനങ്ങളിൽ ചെയ്ത കാര്യങ്ങൾ പഠനവിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ക്രമീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം മറുപടി നൽകി.

പരിസ്ഥിതി വകുപ്പിന് കീഴിലുള്ള മറ്റൊരു സ്ഥാപനമായ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് 7 കോടി രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളത് നടപ്പ് വർഷത്തേയ്ക്ക് പര്യാപ്തമാണെന്നും ആയതിനാൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

കിറ്റക്സ് കമ്പനിയിലെ മാലിന്യം മുഴുവൻ നിക്ഷേപിക്കുന്നതുമൂലം മലിനപ്പെടുന്ന കടമ്പ്രയാർ ജലാശയം, കൊച്ചി കായലിനെയും വേമ്പനാട്ട് കായലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോളോത്ത്പുഴ എന്നിവിടങ്ങളിലെ മാലിന്യ പ്രശ്നം രൂക്ഷമാണെന്നും ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോയെന്നും സമിതി അംഗം ആരായുകയും മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയങ്ങൾ എം.എൽ.എ.-മാർ നിയമസഭയിൽ ഉന്നയിച്ചാൽപ്പോലും അതു സംബന്ധിച്ച് അന്വേഷണം നടത്താൻപോലും മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാകുന്നില്ലെന്നും ബഹു. അംഗം യോഗത്തിൽ ആരോപിച്ചു. കോളോത്ത്പുഴ മാലിന്യകുമ്പാരമായി മാറി പുഴതന്നെ ഇല്ലാതായെന്നും അദ്ദേഹം സൂചിപ്പിച്ചു. ആയത് സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരണം നൽകി.

കിറ്റെക്സുമായി ബന്ധപ്പെട്ട മാലിന്യ പ്രശ്നത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയതിൽ, അവിടെയുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തന സജ്ജമായിട്ടാണ് കാണാൻ സാധിച്ചതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി വ്യക്തമാക്കി.

കൊച്ചിയിൽ വർഷങ്ങളായി നിക്ഷേപിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ചില പദ്ധതികൾ തയ്യാറാക്കിയെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ലെന്നും കൊച്ചിയിലെ മാലിന്യ നിർമ്മാർജ്ജനവും കൊച്ചിക്ക് ചുറ്റുമുള്ള ജലസമ്പത്തിന്റെ മലിനീകരണവും ഹരിത ട്രിബ്യൂണലിന്റെ ശ്രദ്ധയിലുള്ള വിഷയങ്ങളായതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിനും സംസ്ഥാന സർക്കാരിനും നിരന്തരം

ഇത് സംബന്ധിച്ച നോട്ടീസുകൾ വരികയും എല്ലാ മാസവും മീറ്റിംഗുകൾ ചീഫ് സെക്രട്ടറി തലത്തിൽ നടത്തിവരുന്നുണ്ടെന്നും കിറ്റക്സ് കമ്പനിയുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ അടുത്ത കാലത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

വളരെയേറെ ടൂറിസം സാധ്യതകൾ നിലവിലുള്ള പ്രസ്തുത പ്രദേശത്തെ മാലിന്യനിർമ്മാർജ്ജനം ശാശ്വതമായി പരിഹരിക്കാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന്, ഒരു ശാസ്ത്രീയ സ്ഥാപനമായ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പല സന്ദർഭങ്ങളിലും സംസ്ഥാന സർക്കാരിന്റെ നിലപാടുകൾക്കെതിരെ പ്രവർത്തിക്കേണ്ടിവരാറുണ്ടെന്നും സുപ്രീംകോടതിയുടെയും ദേശീയ ഹരിതട്രിബ്യൂണലിന്റെയും നിർദ്ദേശങ്ങൾ നേരിട്ട് ദേശീയ മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്കാണ് നൽകുന്നതെന്നും സംസ്ഥാന സർക്കാരിന്റെ നിലപാട് എന്തുതന്നെയായാലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിഷയങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച്, റിപ്പോർട്ട് തയ്യാറാക്കി ദേശീയ മലിനീകരണ നിയന്ത്രണ ബോർഡിന് നേരിട്ട് നൽകുകയാണ് ചെയ്യുന്നതെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

അനിയന്ത്രിതമായ മലിനീകരണം ഉണ്ടെന്ന് പരാതി ഉയർന്ന എല്ലാ സ്ളോട്ടുകളിലും പരിശോധന നടത്തിയെങ്കിലും പരാതിയിൽ പറയുന്ന തരത്തിൽ മാലിന്യം ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്നെയാണ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത പ്ലാന്റ് കുറച്ചുകൂടി നവീകരിക്കുമെന്ന് കിറ്റക്സ് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും അവസാനം പരിശോധന നടത്തിയ സാമ്പിളിലും മാലിന്യതോത് പരിധിക്കുള്ളിലാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് തുടർച്ചയായി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയർമാർ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിവരുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ വിശദീകരിച്ചു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, പ്രസ്തുത സ്ഥലത്ത് ഒരു പരിശോധന നടത്തേണ്ടതിന്റെ ആവശ്യകത അറിയിക്കുകയും അതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കാമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉറപ്പുനൽകുകയും ചെയ്തു.

ബോർഡിന്റെ പരിശോധനയിൽ മാലിന്യം പരിധിയ്ക്കുള്ളിലാണെങ്കിലും പുഴ അനുദിനം മലിനപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം നീതികരിക്കാനാവുന്നതല്ലെന്നും കുറച്ചുകൂടി ആധികാരികമായ ഒരു പരിശോധന അവിടെ നടത്തേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി.

കൊച്ചി കോർപ്പറേഷന്റെ വേസ്റ്റ് കൂടാതെ അഞ്ച് മുനിസിപ്പാലിറ്റികളുടെയും മൂന്ന് പഞ്ചായത്തുകളുടെയും വെറ്റ് വേസ്റ്റും ഡ്രൈ വേസ്റ്റും ബ്രഹ്മപുരം ഡമ്പിംഗ്‌യാർഡിലേയ്ക്ക് വരുന്നുണ്ടെന്നും കടമ്പ്രയാറിന്റെ വശത്ത് സ്ഥിതി ചെയ്യുന്ന ഈ യാർഡിൽ നിന്നും മഴ സമയത്ത് വെള്ളത്തിലൂടെ മാലിന്യം കടമ്പ്രയാറിലേയ്ക്ക് എത്തിച്ചേരുക വഴി കടമ്പ്രയാർ അതിവേഗം മലിനമായിക്കൊണ്ടിരിക്കുകയാണെന്നും ഇതിനെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ മലിനീകരണ നിയന്ത്രണ ബോർഡ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടെന്നും കൂടാതെ പുഴകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ കുറേ നദികൾ തെരഞ്ഞെടുത്തതിൽ കടമ്പ്രയാറിന്റെ ഒരു ഭാഗവും ഉൾപ്പെട്ടിട്ടുണ്ടെന്നും ആ പദ്ധതി പൂർത്തിയായാൽ അതിനായി വേറൊരു ആക്ഷൻ പ്ലാൻ ഉണ്ടാകുമെന്നും പ്രസ്തുത പ്ലാൻ പ്രാവർത്തികമാകുമ്പോൾ ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊച്ചിൻ കോർപ്പറേഷന്റെ 110-150 ടൺ മാലിന്യങ്ങളാണ് ഒരു ദിവസം ഈ യാർഡിൽ നിക്ഷേപിക്കുന്നതെന്നും 16 കോടി രൂപ മുടക്കി മാലിന്യം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്ഥാപിച്ച നിലവിലെ പ്രോജക്ട് മതിയായ തൊഴിലാളികളുടെ അഭാവത്തിൽ പ്രവർത്തനം തുടരാൻ കഴിയാത്ത അവസ്ഥയിലാണെന്നും ഇവിടെ മാലിന്യങ്ങൾക്ക് മുകളിൽ മണ്ണിടുകയാണ് പതിവെന്നും ഏറ്റവും വലിയ തട്ടിപ്പാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നതെന്നും മറ്റുപല രാജ്യങ്ങളുടെയും മാലിന്യ നിർമ്മാർജ്ജനം മാതൃകയാക്കേണ്ടതാണെന്നും അവിടങ്ങളിൽ മാലിന്യങ്ങൾ എല്ലാം വളം ആക്കി മാറ്റുകയാണ് ചെയ്യുന്നതെന്നും സമിതി അംഗം വിശദീകരിച്ചു.

ഈ വിഷയം മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതല്ലെന്നും ഇത്തരം വിഷയങ്ങളിൽ ഇടപെട്ട് വേണ്ട നിർദ്ദേശങ്ങൾ നൽകുകയാണ് മലിനീകരണ നിയന്ത്രണ ബോർഡ് ചെയ്യുന്നതെന്നും പ്രവർത്തനങ്ങൾ നടത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നും ഇവിടെ തികച്ചും കൊച്ചി കോർപ്പറേഷന്റെ പരാജയമാണ് കാണുന്നതെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

വിപുലമായ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ മുൻകൈയ്യെടുത്ത് ടെണ്ടർ വിളിച്ച് തുടർനടപടികളുമായി മുന്നോട്ട് പോകുകയാണെന്നും ഇതിലൂടെ മേൽ വിഷയത്തിന് ശാശ്വതപരിഹാരം കാണാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

ഓരോ സാമ്പത്തിക വർഷത്തെയും ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് വരുന്ന സഭാ സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് സമർപ്പിക്കേണ്ടതുള്ളതിനാൽ സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 26 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 27, 28 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 6.00 മണിക്ക് പിരിഞ്ഞു.